# CALICUT UNIVERSITY FOR YEAR UNDERGRADUATE PROGRAM

## DEPARTMENT OF MALAYALAM

## CPA COLLE OF GLOBAL STUDIES

## MULTI DISCIPLINARY COURSE OFFERED BY DEPARTMENT OF MALAYALAM

## SECOND SEMESTER (MDC)

CINEMA AND LITERATURE

MAL2FM106

**സിനിമയും സാഹിത്യവും**

**തയ്യാറാക്കിയത് : വീണ കെ,  മലയാള വിഭാഗം**

## <u>സിലബസ്</u>

ചലച്ചിത്ര ചരിത്രം, പ്രധാന ചലച്ചിത്രങ്ങൾ, അവയുടെ കാലഘട്ടം, ചലച്ചിത്ര പ്രതിഭകൾ, ആവിഷ്കാര വഴികൾ, സാഹിത്യത്തിന്റെയും സിനിമയുടെയും പാരസ്പര്യം, ചലച്ചിത്ര ഗാനങ്ങൾ, ചലച്ചിത്ര ജനുസുകൾ, ആഖ്യാന സവിശേഷതകൾ, തിരക്കഥാ രചനയെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവയെല്ലാം മനസ്സിലാക്കാൻ സഹായിക്കുന്നതാണ് ഈ കോഴ്സ്.

മൊഡ്യൂൾ ഒന്ന്

### <u>സാഹിത്യവും സിനിമയും</u>

- സിനിമയുടെ പിറവി, മലയാള സിനിമ ചരിത്രം, പ്രധാന ചലച്ചിത്രങ്ങൾ, അവയുടെ കാലഘട്ടം, പ്രവണതകൾ, ചലച്ചിത്ര പ്രതിഭകൾ
- അനുകല്പനം – അനു കൽപ്പന സിദ്ധാന്തങ്ങൾ, മാതൃകകൾ,സാഹിത്യവും ചലച്ചിത്രവും വായനയുടെ സാധ്യതകൾ
- നീല വെളിച്ചം –വൈക്കം മുഹമ്മദ് ബഷീർ(കഥ )

(കഥ തിരക്കഥ സിനിമ വ്യത്യസ്ത കാലഘട്ടങ്ങൾ വിവിധ ആവിഷ്കാരങ്ങൾ സവിശേഷ പഠനം)

- ഭാർഗവീനിലയം (സംവിധാനം എ വിൻസെന്റ് )
- നീലവെളിച്ചം (സംവിധാനം ആഷിക് അബു)

**മൊഡ്യൂൾ രണ്ട്**

### <u>കഥയും തിരക്കഥയും</u>

- തിരക്കഥ– എന്താണ് തിരക്കഥ –നിർവചനങ്ങൾ– തിരക്കഥ രചനയുടെ വിവിധ ഘട്ടങ്ങൾ– ത്രെഡ്– സിനോപ്സിസ് – വൺ ലൈൻ – ഫൈനൽ സ്ക്രിപ്റ്റ്– തിരക്കഥ എഴുത്തും ദൃശ്യവും
- ചെറുകഥ നോവൽ തിരക്കഥ ആഖ്യാന ഭേദങ്ങൾ
- തിരക്കഥാ സാഹിത്യരൂപം ആണോ എന്ന ചർച്ച വ്യത്യസ്ത നിലപാടുകൾ
- നോവൽ സിനിമയാകുമ്പോൾ സവിശേഷ പഠനം
  1. ആടുജീവിതം(നോവൽ) ബെന്യാമിൻ
  2. ആടുജീവിതം ബ്ലെസ്സി (നോവൽ )
- തിരക്കഥയുടെ കഥയില്ലായ്മകൾ സിഎസ് വെങ്കിടേശ്വരൻ

**മൊഡ്യൂൾ 3**

### <u>ചലച്ചിത്ര ഗാനങ്ങൾ</u>

- ചലച്ചിത്ര ഗാനങ്ങളുടെ ചരിത്രം– ജനപ്രിയ സംസ്കാരം– ജനപ്രിയ സംഗീതം– ചലച്ചിത്ര ഗാനവും സാഹിത്യവും പാട്ടും സമൂഹവും

- സിനിമ പാട്ടിലെ മലയാളിയുടെ ജീവിതം പ്രദീപൻ പാമ്പിരികുന്ന്

**മലയാള സിനിമ ഗാനങ്ങൾ**

1. പെണ്ണാളെ പെണ്ണാളെ... ( ചിത്രം :ചെമ്മീൻ, രചന: വയലാർ, സംഗീതം :സലിൽ ചൗധരി, ഗായകർ :പി ലീല കെ ജെ യേശുദാസ്, 1966)

2. അവിടുന്നെൻ ഗാനം കേൾക്കാൻ( ചിത്രം: പരീക്ഷ, രചന: പി ഭാസ്കരൻ, സംഗീതം :എം എസ് ബാബുരാജ്, ഗായിക :എസ് ജാനകി, 1967)

3. ശരദിന്ദു മലർദീപ നാളം നീട്ടി ( ചിത്രം :ഉൾക്കടൽ,രചന :ഒ എൻ വി കുറുപ്പ്, സംഗീതം: എം ബി ശ്രീനിവാസൻ, ഗായകൻ :പി ജയചന്ദ്രൻ, സൽമ ജോർജ്,1979)

4. ലജ്ജാവതിയെ നിന്റെ കള്ളക്കടക്കണ്ണിൽ ( ചിത്രം: ഫോർ ദ പീപ്പിൾ,രചന: കൈതപ്രം,സംഗീതം :ജാസി ഗിഫ്റ്റ്, ഗായകൻ: ജാസിഫ്റ്റ് 2004 )

5. മരണം എത്തുന്ന നേരത്ത് ( ചിത്രം :സ്പിരിറ്റ് രചന: റഫീഖ് അഹമ്മദ്,സംഗീതം :ഷഹബാസ്,ഗായകൻ :ഉണ്ണിമേനോൻ,2012 )

6. നാഡി നന്മകളെ പൊന്മകനെ മുത്തായവനെ ( ചിത്രം :ആവേശം,രചന :വിനായക ശശികുമാർ,സംഗീതം :സുശീൽ ശ്യാം ഗായകൻ 2024)

**മൊഡ്യൂൾ നാല്**

**<u>സിനിമ കലയും കാലവും</u>**

- ചലച്ചിത്ര സമീപനങ്ങൾ സമാന്തര സിനിമ മധ്യവർത്തി സിനിമ ജനപ്രിയ സിനിമയിലെയും സാഹിത്യത്തിലെയും വിവിധ ജനുസുകൾ സാമാന്യ പരിചയം,
- ചലച്ചിത്രവും ഇതര കലകളും തമ്മിലുള്ള ബന്ധം
- ഡ്രീംസ് –സംവിധാനം: ( ചിത്രകല ദൃശ്യകല സാഹിത്യം എന്നിവയെ മുൻനിർത്തിയുള്ള പഠനം )
- ചലച്ചിത്രവും സാഹിത്യവും ആർ വി എം ദിവാകരൻ( കഥയും തിരക്കഥയും)

**ഓപ്പൺ മൊഡ്യൂൾ**

കോഴ്സിൻറെ പഠനഫലങ്ങൾ നേടാവുന്ന തരത്തിൽ മുകളിലെ നാലു മോഡ്യൂകൾക്കും ഉചിതമായ അധിക പാഠങ്ങളും പഠന മേഖലയിലുള്ള പുതിയ അറിവുകളും അധ്യാപകൻ ഡിപ്പാർട്ട്മെന്റ് കൗൺസിലിന്റെ അനുമതിയോടെ ഉൾപ്പെടുത്തേണ്ടതും തുടർച്ചയായ വിലയിരുത്തലിലൂടെ അഞ്ച് മാർക്കിന് ഇന്റേണൽ മൂല്യനിർണയം ചെയ്യേണ്ടതുമാണ്. സിനിമ സംവാദം ചലച്ചിത്രങ്ങളും ആധാരമാക്കിയുള്ള കൃതികൾ, തിരഞ്ഞെടുപ്പ് സാഹിത്യകൃതികൾ അടിസ്ഥാനമാക്കിയ പ്രസ്വചിത്രം റിലീസ് എന്നിവയുടെ നിർമ്മാണം.

## സിനിമചരിത്രം

മാനവചരിത്രത്തിലെ ഏറ്റവും വിസ്മയകരമായ കണ്ടുപിടിത്തങ്ങളിലൊന്നാണ് സിനിമ. സിനിമയുടെ പിന്നിലെ ചരിത്രം രസകരമാണ്. ആദ്യകാലങ്ങളിൽ സിനിമയുമായെത്തിയവരെ ജനം ഭ്രാന്തന്മാരെന്നും മന്ത്രവാദികളെന്നും പറഞ്ഞ് ഓടിച്ചു. വെള്ളത്തുണിയിലെ ചലിക്കുന്ന രൂപങ്ങൾ ഭൂതങ്ങളാണെന്ന് അന്ന് പലരും കരുതി.

പിന്നെ, സിനിമ ഏറെ വളർന്നു, ജനകീയമായി. ഇന്നും നമ്മെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന സിനിമയുടെ ചരിത്രം പരിചയപ്പെടാം.

ഫോട്ടോഗ്രഫിയുടെ കണ്ടുപിടിത്തത്തെ തുടർന്ന് ചലിക്കുന്ന ചിത്രങ്ങൾ നിർമിക്കുക എന്നതായി മനുഷ്യൻ്റെ ലക്ഷ്യം. നിശ്ചലചിത്രം പകർത്താൻ കഴിയുമെങ്കിൽ ചലിക്കുന്ന ചിത്രങ്ങളും പകർത്താൻ കഴിയുമെന്ന ചിന്ത ഉടലെടുത്തത് 17ാം നൂറ്റാണ്ടിൻ്റെ രണ്ടാംപകുതിയിലാണ്. ചലിക്കുന്ന ഒരു വസ്തുവിൻ്റെ പ്രതിരൂപം കണ്ണിൽ പതിയാൻ ഒരു നിമിഷത്തിൻ്റെ ഇരുപത്തിനാലിൽ ഒരംശം വേണമെന്ന ശാസ്ത്രചിന്തയുടെ പരിണിതഫലമാണ് നമ്മുടെ സിനിമ.

## ചലിക്കുന്ന ചിത്രങ്ങൾ

ഹെൻറി റെന്നോ ഹെയ്ൽ എന്ന അമേരിക്കക്കാരനാണ് ചിത്രങ്ങൾ ചലിക്കുന്ന രൂപത്തിൽ അവതരിപ്പിക്കാൻ ശ്രമിച്ചത്. ഒരു മനുഷ്യൻ്റെ വിവിധതരത്തിലുള്ള ചിത്രങ്ങൾ ഒന്നൊന്നായി ഒരു ഡിസ്കിൽ ഫിറ്റ്ചെയ്ത് വെള്ളത്തുണിയിൽ അവതരിപ്പിച്ചുനോക്കി. തുടർച്ചയായി ഈ ചിത്രങ്ങൾ വന്നുകൊണ്ടിരുന്നപ്പോൾ ഒരു മനുഷ്യൻ നൃത്തംചെയ്യുന്ന പ്രതീതി ഉണ്ടായി. 1870ൽ ആയിരുന്നു ഇത്. എന്നാൽ, ചിത്രം പൊതുവേദിയിൽ പ്രദർശിപ്പിച്ച റെന്നോ ഹെയ്ലിന് പ്രേക്ഷകരിൽനിന്ന് മോശം പ്രതികരണമാണ് ലഭിച്ചത്. ഭ്രാന്തായും മന്ത്രവാദമായുമൊക്കെ അവരതിനെ വ്യാഖ്യാനിച്ചു. അങ്ങനെ ആദ്യത്തെ ആ ചലച്ചിത്ര പ്രവർത്തകൻ്റെ പരിശ്രമങ്ങൾ പരാജയപ്പെട്ടു.

## എഡ്വാർഡ് മേബ്രിഡ്ജ്

റെന്നോ ഹെയ്ൽ അവതരിപ്പിച്ച പരീക്ഷണങ്ങൾ എഡ്വാർഡ് മേബ്രിഡ്ജ് എന്ന ഇംഗ്ലീഷ് വംശജനായ അമേരിക്കക്കാരൻ ഏറ്റെടുത്തു. ചെറുപ്പത്തിൽതന്നെ ഫോട്ടോഗ്രഫിയോടുള്ള താൽപര്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഈ സമയത്താണ് കുതിരപ്പന്തയത്തിൽ തൽപരനായ ലിലാൻറ സ്റ്റാഫോർഡ് എന്ന പ്രഭുവിൻ്റെ ആഗ്രഹം സഫലീകരിക്കാൻ മേബ്രിഡ്ജിന് അവസരം കിട്ടുന്നത്. കുതിര ഓടുന്ന സമയത്ത് നാലുകാലും ഭൂമിയിൽ തൊടാതെ നിൽക്കുന്ന സമയമുണ്ട്. അത് ഫോട്ടോയിൽ പകർത്താനാണ് പ്രഭു ആവശ്യപ്പെട്ടത്. നിരവധി പരിശ്രമങ്ങൾക്കുശേഷം 24 കാമറകൾകൊണ്ട് 24 ചിത്രങ്ങൾ മേ ബ്രിഡ്ജ് പകർത്തി. കുതിരയുടെ കാലുകൾ ഒരു പ്രത്യേക നിമിഷത്തിൽ ഭൂമിയിൽ തൊടാതെ നിൽക്കുന്നു എന്ന് മനസ്സിലായി. എന്നാൽ, ഈ ചിത്രങ്ങൾ എല്ലാം ഒരു തിരശ്ശീലയിൽ പതിപ്പിച്ചപ്പോൾ കുതിര ഓടിപ്പോകുന്ന പ്രതീതി കണ്ടു.

## വില്യം ഫ്രീസ്ഗ്രീൻ

1855ൽ ജനിച്ച ഇംഗ്ളണ്ടുകാരനായ വില്യം ഫ്രീസ്ഗ്രീൻ ആണ് സെല്ലുലോയ്ഡ് എന്ന വസ്തു കണ്ടുപിടിച്ചത്. തുടക്കത്തിൽ ഗ്ളാസ് പേപ്പറുകളിലായിരുന്നു ഇദ്ദേഹം ചിത്രങ്ങൾ

പതിപ്പിച്ചെടുത്തത്. പരീക്ഷണങ്ങൾകൊണ്ട് കടംകയറിയ ഇദ്ദേഹത്തിന് ജയിലിൽവരെ പോകേണ്ടിവന്നു. സ്വന്തം കാമറപോലും വിറ്റ് കഷ്ടതയനുഭവിച്ച ഫ്രീസ്ഗ്രീനാണ് യഥാർഥത്തിൽ സിനിമയുടെ ആദ്യകാല ശിൽപി. ഇദ്ദേഹം വികസിപ്പിച്ചെടുത്ത സെല്ലുലോയ്ഡിൻെറ വികസിത രൂപമാണ് ഫിലിം. ഇദ്ദേഹം ആദ്യകാലത്ത് നിർമിച്ചതും പിന്നീട് വിൽക്കേണ്ടിവന്നതുമായ കാമറ ഇന്നും ലണ്ടനിലെ നാഷനൽ മ്യൂസിയത്തിൽ സൂക്ഷിക്കുന്നു.

1889ൽ ആണ് ആദ്യമായി തന്റെ ചിത്രങ്ങൾ ഇദ്ദേഹം ഒരു പ്രേക്ഷകൻെറ മുന്നിൽ അവതരിപ്പിച്ചത്. പ്രതികരണം ആശാവഹമായിരുന്നു.

<u>തോമസ് ആൽവ എഡിസൻ</u>

ഫ്രീസ്ഗ്രീനിന്റെ പരീക്ഷണങ്ങളുടെ തുടർച്ച നടത്തിയ വ്യക്തി തോമസ് ആൽവ എഡിസനാണ്. ഇന്ന് കാണുന്ന സിനിമയുടെ സാങ്കേതിക കാര്യങ്ങൾ വികസിപ്പിച്ചെടുത്തതിൽ എഡിസന് ഏറെ പങ്കുണ്ട്. 1891ഓടെ കിനറ്റോസ്കോപ് എന്ന കാമറയും അദ്ദേഹം നിർമിച്ചു.

ആയിടക്കാണ് എഡിസൻ ശബ്ദലേഖന യന്ത്രം കണ്ടുപിടിച്ചത്. ശബ്ദവും ചിത്രവും ഒരു സമയത്ത് ഒരാൾക്ക് മാത്രം കേൾക്കുകയും കാണുകയും ചെയ്യാവുന്ന ഒരു യന്ത്രം എഡിസൻ കണ്ടുപിടിച്ചു. എഡിസൻെറ പരീക്ഷണ സഹായിയായ ഒരാളിൻെറ തുമ്മലാണ് ആദ്യമായി രേഖപ്പെടുത്തിയത്.

<u>ലൂമിയർ സഹോദരന്മാർ</u>

പൊതുജനങ്ങൾക്കായി ആദ്യമായി സിനിമ പ്രദർശിപ്പിച്ച് ചരിത്രത്തിൽ ഇടംനേടിയവരാണ് ലൂമിയർ സഹോദരന്മാർ. ഫ്രാൻസിലെ ബെസനനിൽ 1862 ഒക്ടോബർ 19നാണ് മൂത്തവനായ അഗസ്റ്റ് ലൂമിയറിൻെറ ജനനം. 1864 ഒക്ടോബർ അഞ്ചിനാണ് ഇളയവനായ ലൂയി ലൂമിയർ ജനിച്ചത്. ലിയോണിലെ ലാ മാർട്ടിനിയർ എന്ന പ്രശസ്തമായ ടെക്നിക്കൽ സ്കൂളിൽ ഇരുവരും പരിശീലനം നേടി.

പിതാവ് ക്ളോഡ് അൻേറായിൻ ലൂമിയർ ഒരു ഫോട്ടോഗ്രഫിക് സ്ഥാപനം നടത്തിയിരുന്നു. ഇത് ഫോട്ടോഗ്രഫിയിലുള്ള അവരുടെ കഴിവ് വളർത്തി. കാമറയിലും പ്രൊജക്ടറിലും നിരവധി പരീക്ഷണങ്ങൾ നടത്തിയ അവർ നിരവധി പേർക്ക് ഒരേസമയം കാണാവുന്ന ഒരു ചലച്ചിത്രപ്രദർശനരീതി ആവിഷ്കരിച്ചു. സിനിമാറ്റോഗ്രാഫ് എന്നാണ് അവർ അതിനെ വിളിച്ചത്. 1895 ഫെബ്രുവരി 13ന് ലൂമിയർ സഹോദരന്മാർ തങ്ങളുടെ സിനിമാറ്റോഗ്രാഫിന് പേറ്റൻറ് നേടിയെടുത്തു. ഫാക്ടറിയിൽനിന്ന് ജോലിക്കാർ പുറത്തേക്ക് വരുന്നതിൻെറ ദൃശ്യങ്ങളാണ് ഇതുപയോഗിച്ച് ആദ്യം ചിത്രീകരിച്ചത്. 1895 മാർച്ച് 19നായിരുന്നു ഇത്.

1895 ഡിസംബർ 28നാണ് പാരിസിൽ ലൂമിയർ സഹോദരന്മാർ തങ്ങളുടെ ചിത്രത്തിൻെറ ആദ്യ പൊതുപ്രദർശനം നടത്തിയത്. 10 ഹ്രസ്വചിത്രങ്ങളാണ് അന്ന് പ്രദർശിപ്പിച്ചത്.

ഒരു സ്റ്റേഷനിൽ ട്രെയിൻ എത്തുന്നതിൻെറ ദൃശ്യവും അവർ പ്രദർശിപ്പിച്ചു. ഇതുകണ്ട്, ട്രെയിൻ തങ്ങളുടെ നേരെ പാഞ്ഞുവരുകയാണെന്ന് ഭയന്ന് ആളുകൾ ചിതറിയോടി.

ആദ്യത്തെ സ്ഥിരം തിയറ്റർ

ആദ്യത്തെ സ്ഥിരം തിയറ്റർ വരുന്നത് അമേരിക്കയിലെ ന്യൂകാസിൽ എന്ന പട്ടണത്തിലാണ്. ദ കാസ്കേഡ് എന്ന ഈ തിയറ്റർ നിർമിച്ചത് വാർണർ ബ്രദേഴ്സാണ്.

ഹോളിവുഡിൻെറ ജനനം

നിരവധി വ്യക്തികൾ സിനിമാ പ്രദർശനവുമായി മുന്നോട്ടുപോകവെ എഡിസൻ 1909ൽ ഒരു പ്രസ്താവനയിറക്കി. സിനിമ എന്ന മാധ്യമത്തിൻെറ അവകാശി താനാണെന്നും അത് അവതരിപ്പിക്കുന്നവർ ഒരു വിഹിതം തരണമെന്നും അദ്ദേഹം പറഞ്ഞു. അതിനെ എതിർത്തവരെ എഡിസൻെറ ഏജൻറുമാർ നേരിട്ടു. സിനിമ ചിത്രീകരണം തടസ്സപ്പെട്ടപ്പോൾ പലരും ന്യൂയോർക് വിടാൻ തീരുമാനിച്ചു. ഒരുസംഘം ലോസ് ആഞ്ജലസിനടുത്തുള്ള 'കെവേംഗാ' എന്ന ഗ്രാമത്തിലെത്തി. ഹോളിവുഡ് എന്നായിരുന്നു ആ ഗ്രാമത്തിലെ ഒരു കൃഷിത്തോട്ടത്തിൻെറ പേര്. 1910ഓടെ ഹോളിവുഡ് അമേരിക്കൻ സിനിമയുടെ കേന്ദ്രമായി മാറി.

**ഡേവിഡ് മാർക് ഗ്രിഫിത്ത്**

സിനിമയെ സിനിമയാക്കിയ പരീക്ഷണ കുതുകികളുടെ ഇടയിൽ ശ്രദ്ധേയനാണ് ന്യൂയോർക്കുകാരനായ ഡേവിഡ് മാർക് ഗ്രിഫിത്ത്. ഒരു ചലച്ചിത്ര ഉപകരണശാലയിലെ ജീവനക്കാരനായിരുന്ന ഗ്രിഫിത്ത് പല മാറ്റങ്ങളും സൃഷ്ടിച്ചു. തിരക്കഥ സിനിമയിൽ കൊണ്ടുവന്നതും ഇദ്ദേഹമാണ്. ആദ്യത്തെ രണ്ട് റീൽ ചിത്രമായ 'ദ ബർത്ത് ഓഫ് എ നേഷൻ', 1914ൽ നിർമിച്ചത് ഗ്രിഫിത്തായിരുന്നു. 'ആഫ്റ്റർ മെനി ഇയേഴ്സ്', 'ദി ലോൺലി വില്ല', 'ന്യൂയോർക് ഹാറ്റ്' തുടങ്ങിയ അനേകം ചിത്രങ്ങൾ അദ്ദേഹം നിർമിച്ചു. ഫെയ്ഡ് ഇൻ, ഫെയ്ഡ് ഔട്ട്, ഡിസോൾവ്, ക്ലോസപ്പ് തുടങ്ങിയ സാങ്കേതിക രീതികൾ അദ്ദേഹം ആവിഷ്കരിച്ചു. രണ്ട് പ്രോജക്ടറുകൾ ഉപയോഗിച്ച് മൂന്നുമണിക്കൂർ നീളമുള്ള സ്വന്തം ചിത്രമായ 'ഇൻേറാളറൻസ്' പ്രദർശിപ്പിച്ച അദ്ദേഹം ലോകസിനിമയുടെ പുതിയ മാറ്റങ്ങളുടെ പിതാവാണ്. ഭീകരമായ കടംനിമിത്തം സിനിമാരംഗം വിട്ട ഗ്രിഫിത്ത് 1948ൽ മരിക്കുമ്പോൾ സിനിമാരംഗത്ത് കാര്യമായ മാറ്റങ്ങൾ വന്നിരുന്നു.

**ഡോക്യുമെൻററി ചിത്രങ്ങൾ**

യഥാർഥ ജീവിതത്തെ ഫിലിമിൽ പകർത്തുക എന്ന ലക്ഷ്യവുമായാണ് ഡോക്യുമെൻററി ചിത്രങ്ങൾ രംഗത്തെത്തിയത്. അമേരിക്കക്കാരനായ റോബർട്ട് ഫ്ളാഹർട്ടി വളരെയധികം മാറ്റങ്ങൾ ഡോക്യുമെൻററി രംഗത്ത് സൃഷ്ടിച്ചു. അദ്ദേഹത്തിൻെറ 'നാനൂക് ഓഫ് ദ നോർത്' എന്ന ചിത്രത്തിൻെറ ഇതിവൃത്തം എസ്കിമോകളുടെ ദുരിതപൂർണമായ ജീവിതമായിരുന്നു.

അമേരിക്കയിൽ ആൽഫ്രഡ് ഹിച്ച്കോക്കിൻെറ വരവ് സിനിമക്ക് മറ്റൊരു മാനംനൽകി. സസ്പെൻസ് ചിത്രങ്ങൾ നിർമിക്കാനും പ്രദർശിപ്പിക്കാനും അദ്ദേഹം ശ്രമിച്ചു. കൂടാതെ കാർട്ടൂൺ ചിത്രങ്ങളുടെ രംഗപ്രവേശവും തുടർന്ന് വാൾട്ട് ഡിസ്നിയുടെ മിക്കിമൗസുമൊക്കെ ലോകസിനിമയിൽ വന്ന മാറ്റങ്ങളുടെ ഭാഗമായിരുന്നു.

അമേരിക്കയിൽ രൂപംപ്രാപിച്ച സിനിമ ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ വികസിക്കാൻ തുടങ്ങി. റഷ്യയിലും ജർമനിയിലുമൊക്കെ ശക്തമായ സിനിമകൾ ജനിച്ചു.

## സിനിമ ഇന്ത്യയിലേക്ക്

ചലിക്കുന്ന ചിത്രം പ്രദർശിപ്പിച്ചതിൻെറ പേരിൽ സ്വന്തം നാടായ ഫ്രാൻസിൽനിന്ന് ഒളിച്ചോടേണ്ടിവന്ന ലൂമിയർ സഹോദരന്മാർ 1896 ജൂലൈയിൽ ബോംബെയിലെത്തി. ലണ്ടനിൽ അവരുടെ ചിത്രംകണ്ട ചില ബ്രിട്ടീഷുകാരാണ് ലൂമിയർ സഹോദരന്മാരെ ഇന്ത്യയിൽ കൊണ്ടുവന്നത്. അങ്ങനെയാണ് ചലച്ചിത്രത്തിൻെറ ആദിരൂപം ഇന്ത്യയിൽ ആദ്യമായി കാൽകുത്തുന്നത്. 1896 ജൂലൈ ഏഴിന് ബോംബെയിലെ വാട്സൻ ഹോട്ടലിലെ ഊൺമുറിയിലാണ് ഇന്ത്യയിലെ ആദ്യത്തെ സിനിമാപ്രദർശനം നടന്നത്. 1897ൽ കൽക്കത്തയിലായിരുന്നു ഇന്ത്യയിലെ ആദ്യത്തെചിത്രം ചിത്രീകരിച്ചത്. ജയിംസ് ടീൻ എന്ന ഇംഗ്ളീഷുകാരനായിരുന്നു അതിന്റെ നിർമാതാവും സംവിധായകനും.

## ദന്തിരാജ് ഗോവിന്ദ് ഫാൽകെ

ദാദാസാഹേബ് ഫാൽകെ എന്നറിയപ്പെടുന്ന ഇദ്ദേഹമാണ് ഇന്ത്യൻ സിനിമയുടെ പിതാവ്. 1870 ഏപ്രിൽ 30നാണ് ഇദ്ദേഹത്തിൻെറ ജനനം. 1910ൽ 'ക്രിസ്തുവിൻെറ ചരിത്രം' എന്ന ചിത്രം ബോംബെയിൽവെച്ച് അദ്ദേഹം കാണാനിടയായി. അന്നുമുതൽ ഒരു സിനിമ നിർമിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഇതിനായി ജർമനിയിൽപോയി ചലച്ചിത്ര നിർമാണത്തിൻെറ വിവിധ വശങ്ങളെക്കുറിച്ച് പഠിച്ചു. ഒരു മൂവികാമറ വാങ്ങി തിരികെയെത്തിയ അദ്ദേഹം ഭാര്യയുടെ ആഭരണങ്ങൾ വിറ്റ് ഇന്ത്യയിലെ ആദ്യത്തെ നിശ്ശബ്ദചിത്രത്തിൻെറ നിർമാണമാരംഭിച്ചു. രാജാഹരിശ്ചന്ദ്ര എന്ന ആ സിനിമയുടെ സംവിധായകൻ, കാമറമാൻ, ചിത്രസംയോജകൻ ഒക്കെ ഫാൽകെ തന്നെയായിരുന്നു. 1912ൽ ചിത്രീകരണം ആരംഭിച്ച ഈ സിനിമ പൂർത്തിയായത് 1913ലാണ്. നടീനടന്മാരെ കിട്ടാൻതന്നെ അന്ന് പ്രയാസമായിരുന്നു. ഒരു യുവാവാണ് ഹരിശ്ചന്ദ്രൻെറ ഭാര്യയായി വേഷംകെട്ടിയത്.

ശ്രീകൃഷ്ണ ജന്മ, ഭസ്മാസുര മോഹിനി, സാവിത്രി, സേതുബന്ധൻ തുടങ്ങിയ സിനിമകൾ നിർമിച്ച ഫാൽകെ 1944 ഫെബ്രുവരി 16ന് അന്തരിച്ചു. ഇദ്ദേഹത്തിൻെറ സ്മരണാർഥമാണ് 1969ൽ കേന്ദ്രസർക്കാർ ദാദാസാഹേബ് ഫാൽകെ അവാർഡ് ഏർപ്പെടുത്തിയത്.

## സെൻസർ ബോർഡ്

1917ൽ ദ്വാരകദാസ് എന്ന ബോംബെക്കാരൻ സ്ഥാപിച്ച കോഹിന്നൂർ ഫിലിംസ് എന്ന കമ്പനി പുരാണ ചിത്രങ്ങളിൽനിന്ന് മാറി സാമൂഹിക ചിത്രങ്ങളും നിർമിച്ചുതുടങ്ങി. അവർ നിർമിച്ച 'മാലതി മാധവ്' എന്ന ചിത്രം ഏറെ വിവാദം ഉയർത്തിവിട്ടു. നഗ്നതയായിരുന്നു അതിലെ പ്രധാന പ്രശ്നം. അങ്ങനെ സിനിമകളുടെ നിയന്ത്രണത്തിനായി 1920ൽ ഇന്ത്യാ ഗവൺമെൻറ് ഒരു ബോർഡ് രൂപവത്കരിച്ചു. അതാണ് സെൻസർ ബോർഡായി രൂപാന്തരപ്പെട്ടത്.

## ഇന്ത്യയിലെ ആദ്യശബ്ദചിത്രം

1929ലാണ് ആദ്യമായി ഒരു വിദേശ ശബ്ദചിത്രം ഇന്ത്യയിൽ പ്രദർശിപ്പിച്ചത്. 'മെലഡി ഓഫ് ലവ്.' 1931ൽ ആണ് ഇന്ത്യയിൽ ആദ്യമായി ഒരു ശബ്ദചിത്രം ഉണ്ടായത്. ആർദേശിർ ഇറാനി നിർമിച്ച 'ആലം ആര' ആണ് ആദ്യ ശബ്ദചിത്രം. ബോംബെയിലെ ഇംപീരിയൽ ഫിലിംസായിരുന്നു നിർമാതാക്കൾ.

## സിനിമ കേരളത്തിൽ

മലയാളത്തിലെ ആദ്യത്തെ നിശ്ശബ്ദ ചിത്രമായ 'വിഗതകുമാരൻ' പുറത്തുവന്നത് 1928ലാണ്. ഈ ചിത്രത്തിന്റെ ക്യാമറാമാനും സംവിധായകനും നിർമാതാവും ജെ.സി. ഡാനിയൽ ആയിരുന്നു. ഈ ചിത്രം സാമ്പത്തികമായി പരാജയമായിരുന്നു. 1928 നവംബർ ഏഴിന് തിരുവനന്തപുരത്തെ ദ കാപിറ്റൽ തിയറ്ററിലാണ് 'വിഗതകുമാരൻ' ആദ്യം പ്രദർശിപ്പിച്ചത്. മലയാളത്തിലെ രണ്ടാമത്തെ നിശ്ശബ്ദ ചിത്രം 1933ൽ ഇറങ്ങിയ 'മാർത്താണ്ഡവർമ'യാണ്.

## ആദ്യത്തെ സിനിമ വിഗതകുമാരൻ.

ജെ സി ഡാനിയൽ " നമ്മുടെ ചലച്ചിത്ര ലോകത്തിൻറെ പിതാവ്. 1883 april 19-നു തിരുവിതാംകൂർ രാജ്യത്തെ നാഗർകോവിലിൽ അഗസ്തീശ്വരം എന്ന ഗ്രാമത്തിൽ ജെ സി ഡാനിയൽ ജനിച്ചു. കളരിപയറ്റിൽഅഗ്രഗണ്യനായിരുന്ന ജെ സി ഡാനിയൽ , അത് പുറം ലോകത്തിനു കാണിച്ചു കൊടുക്കാൻ കണ്ട ഉചിതമായ മാർഗമാണ് സിനിമ.

1907-ൽ കെ ഡബ്ലിയു ജോസഫ് ആദ്യമായി കേരളത്തിൽ സിനിമ ഹാൾ തുറന്നു. അതിൽ കൈ കൊണ്ട് പ്രവർത്തിപ്പിക്കുന്ന പ്രോജെക്റ്റർ ആയിരുന്നു. 1913-ൽ ജോസ് കാട്ടൂക്കാരൻ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന പ്രോജെക്റ്റർ കൊണ്ടുള്ള തിയറ്റർ നിർമിച്ചു. രണ്ടു തിയറ്ററും തൃശ്ശൂരിൽ ആയിരുന്നു.1907-ൽ തിയറ്റർ തുറന്നു എങ്കിലും, അവിടെ കളിച്ചുകൊണ്ടിരുന്നത് തമിഴും ഹിന്ദിയും ഇംഗ്ലീഷും സിനിമകൾ ആയിരുന്നു. 21 വർഷം കാത്തിരിക്കേണ്ടി വന്നു ഒരു മലയാളസിനിമ ആ തിയറ്ററിൽ കളിക്കാൻ.

ജെ സി ഡാനിയൽ തൻറെ ആദ്യ ചിത്രത്തിൻറെ തയാറെടുപ്പിന് വേണ്ടി ആദ്യം പോയത് മദ്രാസിൽ ആണ്. അവിടെ എല്ലാ സിനിമ സ്റ്റുഡിയോകളിൽ നിന്നും അദ്ധേഹം ഒഴിവാക്കപെട്ടു. തൻറെ സ്വോപ്നം സഫലമാക്കുന്നതിനു അദ്ധേഹം വീണ്ടും മുംബൈയിൽ എത്തിപ്പെട്ടു. ഇന്ത്യൻ സിനിമയുടെ കേന്ദ്രമായ മുംബൈ ജെ സി ഡാനിയൽനു സ്വാഗതം അരുളി. ജെ സി ഡാനിയൽ തൻറെ ആദ്യ സിനിമയ്ക്കു വേണ്ടി ക്യാമറ മുതൽ എല്ലാം വാങ്ങിച്ചു. അദ്ധേഹം കേരളത്തിലെ ആദ്യത്തെ സിനിമ സ്റ്റുഡിയോ ദി ട്രാവൻകൂർ നാഷണൽ പിക്ചേർസ് എന്ന പേരിൽ തുടങ്ങി. അദ്ധേഹം ആദ്യത്തെ സിനിമയുടെ നിർമാണത്തിന് വേണ്ടി തൻറെ പേരിലുള്ള സ്ഥലം നാല് ലക്ഷം രൂപയ്ക്കു വിറ്റു. അങ്ങിനെ മലയാളത്തിൻറെ ആദ്യത്തെ സിനിമ "വികതകുമാരൻ" ൻറെ നിർമാണം പൂർത്തിയായി. ആ സിനിമയുടെ നിർമാതാവും, നായകനും, സംവിധായകനും, കഥാകാരനും ജെ സി ഡാനിയൽ ആയിരുന്നു. തീണ്ടൽ, തൊടീൽ തുടങ്ങിയ അനാചാരങ്ങൾ നിലനിന്നിരുന്ന കാലത്ത് ഒരു അവർണ്ണ സ്ത്രീയെ നായിക ആക്കിയതിൽ പ്രധിഷേധിച്ച് യാധസ്ഥികരായ സവർണ്ണ പ്രേക്ഷകർ രോഷകുലരാവുകയും കാണികൾ സ്ക്രീനിനു നേരെ കല്ലെറിയുകയും, സ്ക്രീൻ കീറുകയും ചെയ്യുകയുണ്ടായി. അങ്ങനെ വിഗതകുമാരൻറെ ആദ്യ പ്രദർശനം തന്നെ അലങ്കോലമായി.

1928 നവംബർ 7-നാണ് മലയാളത്തിലെ ആദ്യ (നിശബ്ദ) ചിത്രമായ വിഗതകുമാരൻ പുറത്തിറങ്ങിയത്. ചലച്ചിത്രം എന്ന പേര് സൂചിപ്പിക്കുന്നതു പോലെ ചലിക്കുന്ന കുറെ ചിത്രങ്ങൾ, അതായിരുന്നു വിഗതകുമാരൻ. അഗസ്തീശ്വരത്ത് ജനിച്ച ജോസഫ് ചെല്ലയ്യ ഡാനിയേൽ എന്ന ജെ.സി. ദാനിയേൽ എന്ന വ്യവസായ പ്രമുഖനായിരുന്നു വിഗതകുമാരന്റെ സംവിധായകനും നിർമ്മാതാവും. സംസ്ഥാനത്തെ ആദ്യത്തെ സിനിമാ സ്റ്റുഡിയോ ആയ ട്രാവൻകൂർ നാഷണൽ പിക്ചേഴ്സിന്

തിരുവനന്തപുരത്ത് ദാനിയേൽ തുടക്കം കുറിച്ചു. നാലു ലക്ഷത്തോളം രൂപ ചെലവിട്ട് ഈ സ്റ്റുഡിയോയിൽ വച്ചാണ് വിഗതകുമാരൻ പൂർത്തിയാക്കിയത്. ചിത്രീകരണം പൂർണമായും കേരളത്തിലായിരുന്നു. തിരുവന്തപുരത്ത് പി.എസ്.സി. ഓഫീസിനു സമീപം അഭിഭാഷകനായ നാഗപ്പൻനായരുടെ വസതിയായിരുന്ന ശാരദവിലാസത്തിലാണ് സ്റ്റുഡിയൊ ഒരുക്കിയത്. നായിക റോസിയായിരുന്നു. തിരുവന്തപുരത്ത് ദ കാപിറ്റോൾ തിയേറ്ററിലെ ചിത്രത്തിന്റെ ആദ്യ പ്രദർശനം പ്രശസ്ത അഭിഭാഷകനായ മള്ളൂർ ഗോവിന്ദപ്പിള്ളയാണ് ഉദ്ഘാടനം ചെയ്തത്. രണ്ടാഴ്ച്ചയ്ക്കുശേഷം കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, തലശ്ശേരി, നാഗർകോവിൽ തുടങ്ങിയ സ്ഥലങ്ങളിലും ചിത്രം പ്രദർശിപ്പിക്കപ്പെട്ടു. ഇത്രയധികം പ്രദർശനങ്ങൾ ഉണ്ടായിട്ടും ചിത്രത്തിന് മുടക്കുമുതൽ തിരിച്ചുപിടിക്കാനായില്ല.ഈ പരാജയത്തോടുകൂടി ദാനിയേലിന് തന്റെ സ്റ്റുഡിയോ അടച്ചുപൂട്ടേണ്ടിവന്നു. ആദ്യ മലയാളചിത്രത്തിന്റെ അമരക്കാരൻ എന്ന നിലയ്ക്ക് ദാനിയേലിനെയാണ് മലയാളസിനിമയുടെ പിതാവ് എന്ന് വിളിക്കുന്നത്. ഇദ്ദേഹത്തിന്റെ പേരിൽ സംസ്ഥാന സർക്കാർ അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്.

**<u>രണ്ടാമത്തെയും അവസാനത്തേതുമായ നിശബ്ദചിത്രം– മാർത്താണ്ഡവർമ്മ</u>**

മലയാളത്തിലെ രണ്ടാമത്തെയും അവസാനത്തേതുമായ നിശബ്ദചിത്രം 1931–ൽ പ്രദർശനത്തിനെത്തിയ മാർത്താണ്ഡവർമ്മയാണ്. സി.വി. രാമൻ പിള്ളയുടെ മാർത്താണ്ഡവർമ്മ എന്ന ചരിത്ര നോവലിനെ അടിസ്ഥനമാക്കി മദിരാശ്ശിക്കാരനായ പി.വി. റാവു ആണ് ചിത്രം സംവിധാനം ചെയ്തത്. ജെ.സി. ദാനിയേലിന്റെ ബന്ധു കൂടിയായ ആർ. സുന്ദരരാജാണ് ചിത്രം നിർമ്മിച്ചത്. കാപിറ്റോൾ തിയേറ്ററിൽ തന്നെയാണ് ഈ ചിത്രവും റിലീസ് ആയത്. നോവലിന്റെ പകർപ്പവകാശം സംബന്ധിച്ച പരാതിയെത്തുടർന്ന് അഞ്ചു ദിവസത്തെ പ്രദർശനത്തിനു ശേഷം ചിത്രത്തിന്റെ പ്രിന്റ് പ്രസാധകർക്കു വിട്ടുകൊടുക്കേണ്ടിവന്നു. പൂനയിലെ നാഷണൽ ഫിലിം ആർക്കൈവ്സിൽ ഈ പ്രിന്റ് സൂക്ഷിച്ചിട്ടുണ്ട്

**മലയാളത്തിലെ ആദ്യ ശബ്ദ സിനിമ 'ബാലനെ'യും നായകനെയും കുറിച്ച്.**

**മലയാള സിനിമയുടെ ബാല്യം**

മലയാള സിനിമയുടെ ചരിത്രം 7 പതിറ്റാണ്ട് പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. മലയാള സിനിമാ വ്യവസായമിന്ന് കോടികൾമറിയുന്ന രംഗമായി മാറിക്കഴിഞ്ഞു. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഉത്തുംഗ ശൃംഗത്തിൽ നമ്മുടെ സ്വീകരണ മുറികളിൽ സിനിമ വിരൽ തുമ്പിൽ മിന്നി മറയുന്നു. ഇന്ത്യൻ സിനിമക്കും ലോക സിനിമക്കും മലയാള സിനിമ നൽകിയ സംഭാവനകൾ അതി മഹത്താണ്. എന്നാൽ ഈ ദൃശ്യ വിസ്മയത്തിന്റെ ആരംഭ ദശയിൽ സിനിമയെന്ന മായിക പ്രഭാ വലയത്തിലേക്ക് എടുത്തു ചാടി ഈയാം പാറ്റകളെ പോലെ ചിറക് കരിഞ്ഞു വീണ ഒരു പിടി ആൾക്കാർ ഇവിടെയുണ്ട്. നിരാശരായി,ഭ്രാന്തന്മാരായി,മാനസിക രോഗികളായി. ഈ സിനിമാ ചരിത്രത്തിന്റെ ആ ദുർഗതിയെ കുറിച്ച് ഇന്ന് ആര് ഓർമ്മിക്കുന്നു?

1928ലാണ് ആദ്യ മലയാള നിശബ്ദ ചിത്രം 'വിഗത കുമാരൻ' പുറത്തിറങ്ങിയത്. ഈ ചിത്രം നിർമ്മിച്ചത് ഒരു ദന്ത വൈദ്യനായ ശ്രീ.ജെസി ഡാനിയേലായിരുന്നു. 4 ലക്ഷത്തോളം വില വരുന്ന തന്റെ സ്വന്തം വീടും പറമ്പും വിറ്റാണ് അദ്ദേഹം സിനിമാ നിർമ്മാണത്തിനുള്ള പണം കണ്ടെത്തിയത്. ദാനിയേലിന്റെ പുത്രൻ സുന്ദർ ആയിരുന്നു ഈ ചിത്രത്തിൽ അഭിനയിച്ചത്. റോസി എന്ന ഒരു ആംഗ്ലോ ഇന്ത്യൻ യുവതിയായിരുന്നു

ഇതിലെ നായിക .ഡാനിയേലും ഒരു ചെറിയ വേഷത്തിൽ അഭിനയിച്ചിരുന്നു. സിനിമ പക്ഷെ ദയനീയമായി പരാജയപ്പെട്ടു. കലയിലെ ഈ പുതിയ കണ്ടുപിടുത്തത്തിന്റെ മുമ്പിൽ ജനങ്ങൾ തുടക്കത്തിൽ തന്നെ മുഖം തിരിച്ചു. ഭാരിച്ച കട ബധ്യതകളുമായി ദാനിയേൽ നാട്ടുവിട്ടു. മദ്രാസിലും തിരുനൽവേലിയിലും സർവവും നഷ്ടപ്പെട്ട ആധിയോടെ അലഞ്ഞതിനു ശേഷം രോഗബാധിതനായി സ്വദേശമായ അഗസ്തീശ്വരത്തേക്ക് തന്നെ മടങ്ങി. പക്ഷാഘാതവും അന്ധതയും ബാധിച്ച് ദുരിത പൂർണമായ ഒരു ജീവിതമായിരുന്നു തുടർന്ന് ഡാനിയേലിനെ കാത്തിരുന്നത്. അവജ്ഞയും ഏകാന്തതയും കൊണ്ട് നരക തുല്യമായ ആ ജീവിതം മലയാള സിനിമക്ക് നൽകിയ ആദ്യത്തെ ബലിയായിരുന്നു. ഡാനിയേലിന്റെ നഷ്ടമാണ് ഒരു ചരിത്രത്തിന്റെ നേട്ടം. സെല്ലുലോയിഡ എന്ന ചലച്ചിത്രം ഡാനിയേൽൻറെയും തൻറെ നായിക ആയിരുന്ന ചരിത്രം തിരസ്കരിച്ച മലയാളത്തിലെ ആദ്യ നായിക റോസിയുടയും കഥ പറയുന്നു.

1932 ലാണ് രണ്ടാമത്തെ നിശബ്ദ ചിത്രമായ 'മാർത്താണ്ഡവർമ്മ' യുടെ നിർമ്മാണം. സിവി രാമൻപിള്ളയുടെ ഈ ചരിത്രാഖ്യയികയെ ചലച്ചിത്രാവിഷ്കാരമാക്കി മാറ്റിയത് സുന്ദർ രാജ് എന്ന നിർമ്മാതാവ് ആയിരുന്നു. വിവി റാവു ആയിരുന്നു സംവിധായകൻ. വിഗത കുമാരനെ പോലെ മാർത്താണ്ഡവർമ്മയെ ജനം കയ്യൊഴിഞ്ഞില്ല. സിനിമ എന്ന അപരിചിത യാഥാർത്ഥ്യത്തെ ജനങ്ങൾ പതുക്കെ അംഗീകരിച്ചു തുടങ്ങി. എന്നാൽ ദുർവിധി ഈ ചിത്രത്തെയും വെറുതെ വിട്ടില്ല. മാർത്താണ്ഡവർമ്മ എന്ന നോവലിന്റെ പ്രസാധകരായ തിരുവനന്തപുരം കമലാലയം ബുക്ക് ഡിപ്പോയുടെ അനുമതിയില്ലാതെയാണ് നോവൽ സിനിമയാക്കിയത് എന്ന കാരണത്താൽ ഈ സിനിമയുടെ പ്രദർശനം ഒരു വ്യവഹാര പ്രശ്നമാവുകയും സുന്ദർ രാജിന് പ്രതികൂലമായ ഒരു കോടതി വിധിയിൽ കേസ് കലാശിക്കുകയും ചെയ്തു. മാനനഷ്ടവും ധനനഷ്ടവും ഏറ്റുവാങ്ങി 1965ൽ അദ്ദേഹം നിര്യാതനായി.

ആദ്യത്തെ രണ്ട് ചിത്രവും ഉണ്ടാക്കിയ പ്രതികരണം തീർത്തും നിരാശാവഹ മായതുകൊണ്ടാവണം പിന്നീടാരും ഇതു പോലൊരു സാഹസത്തിന് മുതിർന്നില്ല. 5 വർഷം ഒരു മൗനവ്രതം പോലെ കടന്നു പോയി. 1938ൽ ടിആർ സുന്ദർ നിർമ്മിച്ച 'ബാലൻ' ആണ് മലയാളത്തിലെ ആദ്യത്തെ സംസാര ചിത്രം. പ്രണയവും പ്രവാസവും കോടതി വ്യവഹാരങ്ങളും ഒക്കെ ഇടകലർന്ന ഈ സിനിമ ഒരു കൊമേഴ്സ്യൽ സിനിമക്ക് ആവശ്യമായ ചേരുവകൾ ഏതൊക്കെയാണെന്ന് തുടർന്നു വന്ന സംവിധായകർക്ക് കാണിച്ചു കൊടുത്തു.

മലയാളത്തിലെ പ്രഥമ ശബ്ദ ചിത്രവും മലയാളി നായിക നായകന്മാരുടെയും (കെകെ അരൂർ, എംകെ കമലം) പ്രവർത്തകരുടെയും കൂട്ടായ്മയുടെ ഫലമായി ബാലൻ എന്ന സിനിമ 1938ൽ പുറത്തിറങ്ങി. അവാസ്തവികതയുടെയും മെലോഡ്രാമയുടെയും കടും വർണങ്ങളിൽ ചാലിച്ചെടുത്തതാണെങ്കിലും കേരളത്തിന്റെ അന്നത്തെ സാമൂഹിക അന്തരീക്ഷത്തിന്റെ വേരുകൾ കണ്ടെത്തുന്ന ബാലൻ അന്യ ഭാഷാ ചിത്രങ്ങളിൽ നിന്നും വ്യത്യസ്തമായി കാണാനും സ്വീകരിക്കാനും മലയാളി മനസ്സ് തയ്യാറായി.

മലയാളത്തിലെ ആദ്യത്തെ സംസാരിക്കുന്ന ചലച്ചിത്രമായ ബാലൻ എന്ന സിനിമയുടെ നായകൻ, നാടക നടൻ, കാഥികൻ എന്നിങ്ങനെ ചരിത്രത്തിൽ പ്രമുഖ സ്ഥാനം നേടിയെടുത്ത, ആലപ്പുഴ ജില്ലയിലെ അരൂർ എന്ന ഗ്രാമത്തിൽ കേശവ പിള്ളയുടെയും, എറണാകുളം കോന്നാനം പറമ്പിൽ പാർവതിയമ്മ യുടെയും എട്ടാമത്തെ

സന്താനമായി 23.9.1907ൽ കെകെ അരൂർ ജനിച്ചു. കെ കുഞ്ചൻ നായർ എന്നായിരുന്നു മുഴുവൻ പേര്.

1919ൽ ആറാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ കോട്ടക്കൽ ആര്യ വൈദ്യശാലയുടമ വൈദ്യരത്നം പിഎസ് വാര്യരുടെ പരമശിവ വിലാസം നാടകക്കമ്പിനിയിൽ ചേരുവാനുള്ള ഭാഗ്യം ഉണ്ടായി. ആരൂരിന്റെ ജ്യേഷ്ഠൻ ആ കമ്പനിയിലെ ഒരു നടൻ ആയിരുന്നു. കുഞ്ചു നായർ ആ കമ്പനിയിൽ, നീണ്ട 18 വഷം 32 നാടകങ്ങളിൽ അഭിനയിച്ചു. ബാലാ പാർട്ട് സ്ത്രീ പാർട്ട് രാജാ പാർട്ട് എന്നിങ്ങനെ വ്യത്യസ്തങ്ങളായ വേഷങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കോട്ടക്കലെ നാടക ജീവിത കാലത്താണ് അരൂരിന് ബാലൻ സിനിമയിൽ അഭിനയിക്കുവാൻ അവസരം ലഭിക്കുന്നത്.

1938 ജനുവരിയിൽ ബാലൻ എന്ന സംസാരിക്കുന്ന ആദ്യ മലയാള ചിത്രം റിലീസ് ചെയ്തു. ടിആർ സുന്ദർ എന്ന തമിഴ് നാട്ടുകാരൻ സേലം മോഡേൺ തിയേറ്റേഴ് സിന്റെ ബാനറിൽ നിർമ്മിച്ച ചിത്രമായിരുന്നു ബാലൻ. എസ് നൊട്ടാമണി എന്ന പാഴ്സി യുവാവായിരുന്നു ചിത്രത്തിന്റെ സംവിധായകൻ. മുതുകുളം രാഘവൻ പിള്ളയായിരുന്നു ചിത്രത്തിന്റെ തിരക്കഥയും ഗാനങ്ങളും രചിച്ചത്. അങ്ങനെ സംസാരിക്കുന്ന ആദ്യ മലയാള ചിത്രത്തിന്റെ നായകൻ എന്ന റിക്കാർഡ് കെകെ അരൂരിന് സ്വന്തമായി. ചിത്രത്തിൻറെ മറ്റ് അണിയറ പ്രവർത്തകരൊന്നും മലയാളികളായിരുന്നില്ല. പിന്നീട് 'ഭൂതരായർ' എന്നൊരു പടത്തിനുവേണ്ടി റിഹേഴ്സലും മറ്റും നടന്നു. പക്ഷേ അത് പൊളിഞ്ഞു. അതിനുശേഷം 'ജ്ഞാനാംബിക' എന്ന രണ്ടാമത്തെ ചിത്രത്തിൽ പ്രധാന റോളിൽ അഭിനയിക്കാൻ അവസരം ലഭിച്ചു. തുടർന്ന് ഏറെ നാൾ മലയാള ചിത്രങ്ങൾ ഒന്നും തന്നെ നിർമ്മാണത്തിൽ ഇല്ലായിരുന്നു. പിന്നീട് വൈക്കം വാസുദേവൻ നായർ ഉൾപ്പെട്ട 'കേരള കേസരി' യിൽ അഭിനയിക്കാൻ സാധിച്ചു. ശേഷം ദീർഘകാലം ആ രംഗവുമായി യാതൊരു ബന്ധവും ഇല്ലാതെ കഴിഞ്ഞു. മലയാള സിനിമയുടെ രജതജൂബിലി വേളയിൽ പികെ തോമസ് നിർമ്മിച്ച 'കുടുംബിനി' എന്ന ചിത്രത്തിൽ അപ്രധാന റോൾ ലഭിച്ചിരുന്നു. അതോടുകൂടി സിനിമാ രംഗം വിട്ടു.

1949ൽ നാടക അഭിനയം ഉപേക്ഷിച്ച് ഹരികഥാ രംഗത്തേക്ക് കാൽ വെച്ചു. നീണ്ട 23 വർഷം അദ്ദേഹം ഈ രംഗത്ത് പ്രവർത്തിച്ചു. കേരളത്തിൽ അങ്ങോള മിങ്ങോള മുള്ള മിക്ക ക്ഷേത്രങ്ങ ളിലും അരൂർ ഹരികഥ അവതരിപ്പിച്ചിട്ടുണ്ട്. തന്റെ 65ആം വയസിൽ ഹരികഥാ രംഗത്തുനിന്നും സ്വയം വിരമിച്ച് പാലായിലെ മീനച്ചിലിലുള്ള ഭാര്യാ ഗൃഹത്തിൽ സ്വസ്ഥ ജീവിതം ആരംഭിച്ചു.

കലയോടുള്ള സ്നേഹം മൂലം ജീവിതം തന്നെ മറന്ന അദ്ദേഹം തന്റെ 37ആമത്തെ വയസിൽ ആണ് വിവാഹം കഴിക്കുന്നത്. കോട്ടയം ജില്ലയിൽ പാലാ മീനച്ചിൽ കല്ലുപുരക്കകത്ത് മാധവിയമ്മയായിരുന്നു സഹധർമ്മിണി. ജഗദംബിക, ജഗദീശ്, ജയശ്രീ, ജലജ എന്നിവരാണ് മക്കൾ.

മലയാളത്തിന്റെ പ്രഥമ നായകന് മലയാള സിനിമയുടെ സിൽവർ ജൂബിലി അവാർഡ്, പാലായിലെ കലാ- സാംസ്കാരിക വേദികളുടെ പുരസ്കാരങ്ങൾ എന്നിവ ലഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ അവശ കലാ കാരന്മാർക്കുള്ള പെൻഷനും അദ്ദേഹത്തിന് അനുവദിച്ചിരുന്നു.

മലയാള സിനിമ പടർന്ന് പന്തലിച്ച് വനൻ വ്യവസായമായി മാറിക്കഴിഞ്ഞിരിക്കുന്ന ഇന്ന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ചലച്ചിത്രങ്ങൾ നിർമ്മിക്കുന്ന ഇക്കാലത്ത് മലയാള സിനിമയുടെ ശൈശവ ദശയുടെ ബാലാരിഷ്ടതകളും ദുഃഖങ്ങളും ഏറ്റുവാങ്ങി കലക്കുവേണ്ടി ജീവൻ സമർപ്പിച്ച ഈ മഹാനുഭാവൻ മലയാള സിനിമാ ചരിത്രത്തിൽ എക്കാലവും ഒരു നാഴികക്കല്ലായി ജനമനസ്സുകളിൽ ഓർമ്മിക്കപ്പെടും.

ഇന്ത്യയിലെ ഏറ്റവും ശക്തമായ ചലച്ചിത്രരംഗങ്ങളിലൊന്നാണ് മലയാളത്തിലേത്. ആഗോളപ്രശസ്തരായ ഒട്ടേറെ ചലച്ചിത്രകാരന്മാരെ കേരളം സംഭാവന ചെയ്തിട്ടുണ്ട്. 1906 – ൽ കോഴിക്കോട്ടാണ് കേരളത്തിലെ ആദ്യത്തെ ചലച്ചിത്രപ്രദർശനം നടന്നത്. സഞ്ചരിക്കുന്ന ചലച്ചിത്ര പ്രദർശങ്ങൾ 20–ാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തോടെ സ്ഥിരം സിനിമാകൊട്ടകകൾക്കു വഴിമാറി. തമിഴ് ചിത്രങ്ങളായിരുന്നു ആദ്യകാലത്ത് പ്രദർശിപ്പിച്ചിരുന്നത്. മലയാള സിനിമയുടെ പിതാവ് എന്ന വിശേഷണം അർഹിക്കുന്ന ജെ. സി. ഡാനിയലിന്റെ നിശ്ശബ്ദചിത്രമായ 'വിഗതകുമാരൻ' (1928) ആണ് ആദ്യത്തെ മലയാള സിനിമ. ഈ വർഷം തന്നെ രണ്ടാമത്തെ ചിത്രമായ 'മാർത്താണ്ഡവർമ്മ'യും പ്രദർശനത്തിനെത്തി. 'ബാലൻ' (1938) ആയിരുന്നു ആദ്യത്തെ ശബ്ദിക്കുന്ന സിനിമ. 1948 ആദ്യത്തെ സിനിമാ സ്റ്റുഡിയോ ആയ 'ഉദയാ' ആലപ്പുഴയിൽ സ്ഥാപിതമായി. 1951 – ൽ പ്രദർശനത്തിനെത്തിയ 'ജീവിതനൗക'യാണ് വ്യാപാരവിജയം നേടിയ ആദ്യചിത്രം. തിരുവനന്തപുരത്ത് പി. സുബ്രഹ്മണ്യത്തിന്റെ 'മെരിലാന്റ്' സ്റ്റുഡിയോ കൂടി നിലവിൽ വന്നതോടെ മലയാള ചലച്ചിത്ര വ്യവസായം അഭിവൃദ്ധിപ്പെടാൻ തുടങ്ങി. 'നീലക്കുയിലി'ന്റെ (1954) വരവോടെ മലയാള സിനിമ ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടാൻ തുടങ്ങി.

1960–കൾ മുതലാണ് ധാരാളമായി സിനിമകൾ നിർമിക്കപ്പെടാൻ തുടങ്ങിയത്. തിക്കുറുശ്ശി സുകുമാരൻ നായർ, കൊട്ടാരക്കര ശ്രീധരൻ നായർ തുടങ്ങിയവർ നിറഞ്ഞു നിന്നിരുന്ന സ്ഥാനത്ത് സത്യനും, പ്രേംനസീറും താരങ്ങളായി ഉയർന്നു വന്നു. ഉമ്മർ, മധു, പി. ജെ. ആന്റണി, അടൂർ ഭാസി, ബഹദൂർ, ഷീല, അംബിക, തുടങ്ങി ഒട്ടേറെ നടീനടന്മാർ ജനപ്രിയരായി. 1961 – ൽ ആദ്യത്തെ കളർചിത്രമായ 'കണ്ടംബെച്ച കോട്ട്' പുറത്തു വന്നു. രാമുകാര്യാട്ടിന്റെ 'ചെമ്മീൻ' (1966) മലയാള സിനിമയിൽ പുതിയ അധ്യായത്തിനു തുടക്കമിട്ടു. വയലാർ രാമവർമയുടെ ഗാനങ്ങളും ദേവരാജന്റെ സംഗീതവും യേശുദാസിന്റെ പാട്ടും മലയാളിയുടെ ജനകീയാഭിരുചികൾക്കു പൊലിമ നൽകി. ചലച്ചിത്ര ഗാന ശാഖയിലും സംഗീത സംവിധാനത്തിലും ഗാനാലാപനത്തിലും ഒട്ടേറെപ്പേർ രംഗത്തു വന്നു.

അടൂർ ഗോപാലകൃഷ്ണന്റെ സ്വയംവരം (1974) മലയാളത്തിലെ നവസിനിമയ്ക്കു തുടക്കം കുറിച്ചു. അരവിന്ദന്റെ 'കാഞ്ചനസീത' (1978), പി. എ. ബക്കറിന്റെ 'കബനീ നദി ചുവന്നപ്പോൾ' (1976) തുടങ്ങിയവ ഈ നവതരംഗത്തിന് ആക്കം കൂട്ടി. കെ. ആർ. മോഹനൻ, പവിത്രൻ, ജോൺ എബ്രഹാം, കെ. പി. കുമാരൻ തുടങ്ങിയവരാണ് നവസിനിമയിലെ പ്രതിഭാശാലികളിൽ ചിലർ.

എൺപതുകളോടെ ജനപ്രിയ സിനിമയിൽ പുതിയ താരങ്ങളും സംവിധായകരും ഉയർന്നു വന്നു. മോഹൻലാൽ, മമ്മൂട്ടി, ഗോപി, നെടുമുടി വേണു തുടങ്ങിയ നടന്മാർ ഈ കാലയളവിലാണ് ശ്രദ്ധേയരായത്. ഇന്ത്യയിലെ ഏറ്റവും വികസിതമായ ചലച്ചിത്ര വ്യവസായങ്ങളിലൊന്നാണ് മലയാളത്തിലേത്. ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട ഒട്ടേറെ ചലച്ചിത്ര പ്രവർത്തകർ കേരളത്തിൽ നിന്നുണ്ടായിട്ടുണ്ട്. പി. ജെ. ആന്റണി, ഗോപി,

ബാലൻ കെ. നായർ, മമ്മൂട്ടി, മോഹൻലാൽ, മുരളി, സുരേഷ് ഗോപി, ബാലചന്ദ്രമേനോൻ എന്നിവർക്ക് മികച്ച നടനുള്ള ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ട്. മലയാളിയല്ലെങ്കിലും മലയാള സിനിമയുടെ അവിഭാജ്യഘടകമായിരുന്ന ശാരദ, മോനിഷ, ശോഭന, മീരാ ജാസ്മിൻ എന്നിവർക്ക് മികച്ച നടിക്കുള്ള ദേശീയ അവാർഡും ലഭിച്ചു. ഫാൽക്കെ അവാർഡു നേടിയ ഏക മലയാളി അടൂർ ഗോപാലകൃഷ്ണനാണ്. കലാമൂല്യമുള്ള ആർട്ട് സിനിമ, കലാമൂല്യം കുറഞ്ഞ കമ്പോളസിനിമ എന്ന വിഭജനം അതിവേഗം മാഞ്ഞു കൊണ്ടിരിക്കുന്നതാണ് ഇന്നത്തെ മലയാള സിനിമയുടെ സ്വഭാവം.

## നീലവെളിച്ചം

### വൈക്കം മുഹമ്മദ് ബഷീർ രചിച്ച ചെറുകഥ

വൈക്കം മുഹമ്മദ് ബഷീർ എഴുതിയ പ്രസിദ്ധമായൊരു ചെറുകഥയാണ് നീലവെളിച്ചം. കഥാകൃത്തിന്റെ ജീവിതത്തിലെ അത്ഭുതസംഭവങ്ങളിൽ ഒന്ന് എന്ന ആമുഖത്തോടെ തുടങ്ങുന്ന ഈ കഥ, പ്രേതബാധക്കു കുപ്രസിദ്ധി കിട്ടിയിരുന്ന ഒരു വീട്ടിൽ താമസിക്കേണ്ടിവന്ന ചെറുപ്പക്കാരനായ ഒരെഴുത്തുകാരനും ആ വീടിനെ ആവേശിച്ചിരുന്നതായി വിശ്വസിക്കപ്പെട്ടിരുന്ന പെൺകുട്ടിയുടെ പ്രേതവും തമ്മിൽ രൂപപ്പെടുന്ന ആർദ്രമായ ആത്മബന്ധത്തിന്റെ കഥയാണ്. ഈ കഥ വികസിപ്പിച്ച് ഭാർഗ്ഗവീനിലയം എന്ന പേരിൽ ബഷീർ തന്നെ എഴുതിയ തിരക്കഥ ആധാരമാക്കിയുള്ള ചലച്ചിത്രവും പ്രസിദ്ധമാണ്.

### കഥ

താമസിക്കാൻ ഇടമന്വേഷിച്ച നടന്ന പാവപ്പെട്ട എഴുത്തുകാരന്, അവിചാരിതമായി താരതമ്യേന കുറഞ്ഞ വാടകക്കു ഒരു വീട് തരപ്പെടുന്നു. രണ്ടു മാസത്തെ വാടക മുൻകൂർ കൊടുത്ത് പുതിയ വീട്ടിലേക്കു താമസം മാറിയ ശേഷമാണ് അത് പ്രേതബാധയുടെ പേരുദോഷം വീണ വീടാണെന്ന വിവരം അയാൾ അറിഞ്ഞത്. 'ഭാർഗ്ഗവീനിലയം' എന്നു പേരുള്ള ആ ഇരുനിലവീടിനു പിന്നിലെ കിണറ്റിൽ ചാടി, ഭാർഗ്ഗവി എന്ന യുവതി പ്രേമനൈരാശ്യം മൂലം ആത്മഹത്യ ചെയ്തിരുന്നു. ഭാർഗ്ഗവിയുടെ പ്രേതം ആ വീട്ടിൽ താമസിക്കാനെത്തുന്നവരെ, പ്രത്യേകിച്ച് പുരുഷന്മാരെ, ഉപദ്രവിച്ചിരുന്നതായി വിശ്വസിക്കപ്പെട്ടിരുന്നു. ആ സമയത്താണ് ആ വീട്ടിലേക്ക് എഴുത്തുക്കാരൻ കടന്നെത്തുന്നതും അദ്ദേഹം നേരിടുന്ന അത്ഭുതപൂർവ്വമായ സംഭവവികാസങ്ങളാണ് പിന്നീട് കഥയായി മാറുന്നത്. ഇതെല്ലാമറിഞ്ഞിട്ടും മറ്റു വഴിയില്ലാത്തതിനാൽ പുതിയ വീട്ടിൽ തന്നെ താമസിക്കാൻ തീരുമാനിച്ച എഴുത്തുകാരൻ, ഭാർഗ്ഗവിയുടെ ആത്മാവിനു ഹൃദയം തുറന്ന് തന്റെ പരാധീനതകൾ പറയുന്നു. താമസിക്കാൻ വേറെ ഇടമില്ലാത്ത തന്റെ അവസ്ഥയും കഴുത്തു ഞെരിച്ചു കൊന്നാൽ ആരും ചോദിക്കാനില്ലാത്ത പാവമാണു താനെന്നും അയാൾ അവളെ അറിയിക്കുന്നു. തനിക്കൊപ്പം അവൾക്കും ആ വീട്ടിലുള്ള അവകാശം അംഗീകരിച്ചു കൊടുക്കുന്ന അയാൾ തന്നെ ഉപദ്രവിക്കാതെ ആ വീട്ടിൽ താമസിക്കാൻ അനുവദിക്കണമെന്ന് അവളോട് അപേക്ഷിക്കുന്നു. അങ്ങനെ പുതിയവീട്ടിൽ താമസം തുടർന്ന എഴുത്തുകാരൻ തന്റെ സംഗീതാസ്വാദനത്തിലും സാഹിത്യസപര്യയിലും പോലും ഭാർഗ്ഗവിയുടെ ആത്മാവിനെ പങ്കാളിയാക്കി. ആ വിധം വളർന്ന നിത്യപരിചയം, അവളുടെ സാന്നിദ്ധ്യം പ്രത്യേകം ശ്രദ്ധിക്കാതിരിക്കാൻ മാത്രം അയാൾക്ക് സാധാരണമായിത്തീർന്നു.

'അത്ഭുതം'

അങ്ങനെയിരിക്കെ ഒരു രാത്രി വൈകിയിരുന്ന് വികാരസാന്ദ്രമായ ഒരു കഥ എഴുതിക്കൊണ്ടിരിക്കെ, അയാളുടെ ഹറിക്കേൻ വിളക്ക് കരിന്തിരി കത്തി കെട്ടു. വിളക്കിലൊഴിക്കാൻ എണ്ണയന്വേഷിച്ച് സുഹൃത്തുക്കളുടെ താമസസ്ഥലത്തു പോയ എഴുത്തുകാരൻ, ലോകമെല്ലാം മങ്ങിയ നിലാവിന്റെ അവ്യക്തമായ അത്ഭുതത്തിൽ മുങ്ങിക്കിടക്കേ വീട്ടിലേക്കു മടങ്ങി. അകാരണമായി അനുഭവപ്പെട്ട ദുഃഖത്തിന്റെ ദിവ്യഭാരവും സഹതാപവും ('കംപാഷൻ') കൊണ്ട് അയാളുടെ മനസ്സ് അപ്പോൾ നിറഞ്ഞിരുന്നു. ആ അവസ്ഥയിൽ വീടു തുറന്നു മുകളിലെത്തിയ അയാളെ ഒരത്ഭുതം എതിരേറ്റു. ഇരുട്ടിൽ താൻ വിട്ടുപോയ മുറിക്കകത്ത് അത്ഭുതകരമായി നിറഞ്ഞുനിന്ന നീലവെളിച്ചം അയാൾ കണ്ടു. എണ്ണയില്ലാതെ കരിന്തിരി കത്തി കെട്ടുപോയിരുന്ന വിളക്കിൽ അപ്പോൾ രണ്ടിഞ്ചുനീളമുള്ള നീലത്തീനാളം ഉണ്ടായിരുന്നു. എണ്ണയില്ലാതെ അണഞ്ഞുപോയ വിളക്ക് കൊളുത്തിയതാരെന്നും ഭാർഗ്ഗവീനിലയത്തിൽ നീലവെളിച്ചം എവിടന്നുണ്ടായെന്നും ഉള്ള എഴുത്തുകാരന്റെ അതിശയപ്പെടലിൽ കഥ അവസാനിക്കുന്നു.

ഭാർഗ്ഗവീനിലയം– നീലവെളിച്ചം

നീലവെളിച്ചത്തിന്റെ കഥ വികസിപ്പിച്ച് ബഷീർ എഴുതിയ തിരക്കഥയെ ആശ്രയിച്ചുള്ള ഭാർഗ്ഗവീനിലയം എന്ന ചലച്ചിത്രം ഇറങ്ങിയത് 1964–ലാണ്. സംവിധായകൻ എ. വിൻസെന്റിന്റെ ആദ്യചിത്രമായിരുന്നു അത്. ചിത്രത്തിൽ മുഖ്യ റോളുകൾ അഭിനയിച്ചത് പ്രേം നസീർ, മധു, വിജയനിർമ്മല എന്നിവരായിരുന്നു. ചിത്രം പി. ഭാസ്കരറാവുവിന്റെ ഛായാഗ്രഹണത്തിന്റേയും എം.എസ്. ബാബുരാജിന്റെ സംഗീതത്തിന്റേയും പേരിൽ അതു പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. മലയാളത്തിലെ എക്കാലത്തേയും ജനപ്രിയചിത്രങ്ങളിൽ ഒന്നായിരുന്നു അത്. ആഷിക് അബു പുതിയ കാലത്തിന്റെ രീതിയിലേക്ക് മാറ്റി ചിത്രീകരിച്ച കളർഫുൾ സിനിമയാണ് നീല വെളിച്ചം.
കഥയിൽ നിന്നും സിനിമയിലേക്ക് എത്തുമ്പോൾ നിരവധി മാറ്റങ്ങളെയാണ് അടയാളപ്പെടുത്തുന്നത്. മണ്ണെണ്ണ തീർന്ന് എഴുത്തുക്കാരൻ സുഹൃത്തുക്കളുടെ അടുത്തേക്ക് ചെന്ന് വീണ്ടും വീട്ടിലേക്ക ചെന്നു കയറുമ്പോൾ നീലവെളിച്ചം ആ മുറിയാകെ പടർന്നു നിർക്കുന്നതായി കാണാൻ സാധിക്കുന്നു. മാത്രമല്ല അവിടെ നിന്ന് സിനിമയുടെ ആഖ്യാന ഘടന മാറുന്നതിനെക്കുറിച്ചും വിലയിരുത്താവാവുന്നതാണ്. സിനിമ ദൃശ്യത്തിന് പ്രാധാന്യം കൊടുക്കുന്നുവെങ്കിലും കഥ വാക്കുകൾക്കാണ് പ്രാധാന്യം നൽകുന്നത്. സിനിമ വ്യത്യസ്തമായ അനുഭവവും അനുഭൂതിയുമാണ് നൽകുന്നത്. ശബ്ദവിസ്മയം കൊണ്ടും, പാട്ടുകൾകൊണ്ടും അഭിനയം കൊണ്ടും ദൃശ്യപ്രാധാന്യം കൊണ്ടും അത്ഭുതത്തിന്റെ അടയാളങ്ങൾ തീർക്കാൻ സിനിമക്കാവുന്നു. കഥാനായകന്റെ വേഷത്തിന് പ്രധാന്യം നൽകി. കുറ്റോന്വേഷണം പോലെ കഥ കഥനടക്കുകയും, വില്ലനെ തകർക്കുകയും ഭാർഗവിമരിച്ച അതേ കിണറിലേക്ക് വില്ലനെ തള്ളിയിടുകയും അതിൽ ശാന്തയാവുന്ന പോലെ കാണിക്കാൻ ഒടുവിൽ നീല പ്രകാശം എല്ലായിടത്തും ഒഴുകി എത്തുന്നിടത്ത് സിനിമ അവസാനിക്കുന്നു.

പാട്ടും നൃത്തവും ഇഷ്ടപ്പെടുന്ന കഥാനായിക, നായികയെ ഇഷ്ടപ്പെടുന്ന നായകൻ ഓരേ സമയം തന്നെ രണ്ടും പേരും സംഗിതവും നൃത്തത്തിനൊപ്പം മനസ്സും കൈമാറുന്ന അവസ്ഥാവിശേഷങ്ങൾ കൊണ്ട് സിനിമ നമ്മുക്ക് ആന്ദപ്രദമാക്കുകയും ചെയ്യുന്നു. കൊലപാതകവും, ഫൈറ്റ് രംഗങ്ങൾകൊണ്ടും അതി വിശാലമായ ക്യാൻവാസ് പകരാൻ സിനിമക്കാവുന്നു.

പാട്ടുകൾ

1. പൊട്ടിതകർന്ന കിനാവുകൊണ്ടൊരു പട്ടുറുമാല്....
2. അനുരാഗമധുശഷകം....
3. താമസമെന്തെ വരുവാൻ....
4. വാസന്തപഞ്ചമി നാളിൽ....
5. ഏകാന്തതയുടെ അപാരത്തീരം.....

അത്ഭുതത്തിന്റെ കുമിളകളിലൂടെ ഭാർഗവീനിലയം ( വി. സി ഹാരിസ്)

ലേഖനം

- വൈക്കം മുഹമ്മദ് ബഷീറിന്റെ നീല വെളിച്ചം എന്ന ചെറുകഥയെ മുൻനിർത്തി ഭാർഗവീനിലയം എന്ന പേരിൽ ആക്കിയിട്ടുണ്ട്.
- നീലവെളിച്ചം എന്ന കഥ എഴുത്തുകാരന്റെ ജീവിതമായി ബന്ധപ്പെട്ടതാണ്.
- ദി ബ്ലൂ ലൈറ്റ് എന്ന പേരിൽ വി അബ്ദുള്ള ഇംഗ്ലീഷ് വിവർത്തനം തയ്യാറാക്കിയിട്ടുണ്ട്. ഇവിടെ വിവർത്തനം ചെയ്തപ്പോൾ ഉണ്ടായ സാഹസത്തെ കൃത്യമായി എഴുത്തുകാരൻ പരിഹസിക്കുന്നു.
- സിനിമയിലും തിരക്കഥയിലും ഭീതിതമായ അവസ്ഥകളെ പരിചയപ്പെടുത്തുന്നു.
- സിനിമയെ ലേഖനമായി അവതരിപ്പിക്കുമ്പോൾ ഉണ്ടാവുന്ന പരിമിതികളെ വിശകലനം ചെയ്യുന്നു.
- 12 പേജുള്ള കഥ 101 സീനുകൾ ആയാണ് തിരക്കഥ ഒരുക്കിയത്.
- മലയാളത്തിൽ ആദ്യത്തെ പ്രേത സിനിമ എന്ന രീതിയിൽ ശ്രദ്ധിക്കപ്പെട്ട സിനിമയിൽ ഭയാനകമായ നിശബ്ദതയും കറുത്ത രൂപവും പൂച്ചക്കണ്ണും വെള്ള വസ്ത്രവും നായികയുടെ കരച്ചിലും പ്രേതത്തിനെ സൂചനകൾ നൽകുന്നു.
- തിരക്കഥയിൽ നിന്ന് കുറെ മാറ്റങ്ങൾ വരുത്തി കൊണ്ടാണ് സിനിമയിൽ അത് വന്നത്.
- ചെറുകഥയിൽ അദൃശ്യ സാന്നിധ്യമായി നിലനിൽക്കുന്ന ഭാർഗ്ഗവി കുട്ടി തിരക്കഥയിൽ സജീവമായി ഇടപെടുന്ന ഒരാളായി കാണാൻ നമുക്ക്.
- അവളുടെ പൂർവകഥ കൃത്യമായി സിനിമ വിശകലനം ചെയ്യുന്നു.
- വൈക്കം മുഹമ്മദ് ബഷീർ തന്റെ മതിലുകൾ, അനർഘനിമിഷങ്ങൾ തുടങ്ങിയ കഥകളെ സിനിമയ്ക്ക് വേണ്ടി സംഭാഷണശകലങ്ങളിൽ ഉപയോഗിക്കുന്നുണ്ട്.
- ആന്ദ്രേഗ്രീൻ, ലൂയി അൾത്തുസർ എന്നീ സൈദ്ധാന്തികന്റെ കാഴ്ചപ്പാടിനെ വിശകലനം ചെയ്യുന്നു.
- ഭാർഗവിനിലയം എന്ന തിരക്കഥ ബഷീറിന്റെ മാത്രം സൃഷ്ടിയല്ല. അറുപതുകളുടെ മധ്യത്തിൽ മലയാള സിനിമയുടെ സജീവ സാന്നിധ്യത്തെക്കുറിച്ച് പങ്കുവെക്കുന്നു.
- വ്യത്യസ്തനായ ഒരു രചനയെ മറ്റൊരു സാങ്കേതിക സാഹിത്യം മാധ്യമമാക്കി മാറ്റിയപ്പോൾ ഉണ്ടായ കാര്യങ്ങളെ കൃത്യമായി ലേഖകൻ നിരീക്ഷിക്കുന്നു.

## മൊഡ്യൂൾ രണ്ട്

## കഥയും തിരക്കഥയും

### തിരക്കഥ

ചലച്ചിത്രത്തിനായോ,ടെലിവിഷൻ പ്രോഗ്രാമുകൾക്കായോ, ഹ്രസ്വചിത്രത്തിനായോ ദൃശ്യങ്ങളുടെ എഴുതുന്ന രേഖകളെയാണ് തിരക്കഥ എന്നു പറയുന്നത്. ഒരു ദൃശ്യത്തിൽ അടങ്ങിയിട്ടുള്ള സ്ഥലം, സമയം, കഥാപാത്രങ്ങൾ, ശബ്ദം, അംഗചലനങ്ങൾ തുടങ്ങി അതിലെ അന്തർനാടക സ്വഭാവം വരെ ഒരു തിരക്കഥയിൽ ഉൾക്കൊണ്ടിരിക്കുന്നു. തിരക്കഥകൾ ചിലപ്പോൾ സ്വതന്ത്രമായവയോ അല്ലെങ്കിൽ മറ്റു സാഹിത്യരൂപങ്ങളെ അധികരിച്ചെഴുതിയവയോ ആവാം. ചലച്ചിത്രത്തിന്റെ രൂപരേഖ. തിരക്കഥ, അതിനെ ആശ്രയിച്ചു നിർമ്മിക്കേ സിനിമയ്ക്കു വേണ്ടിയാണ് തയ്യാറാക്കുന്നത്. ബെർഗ്മാൻ, ഫെല്ലിനി, കുറസോവ, അന്റോണിയോണി തുടങ്ങിയ മഹാരഥന്മാരുടെ തിരക്കഥകൾ സാഹിത്യഗുണം ഉള്ളവയാണ്. ചലച്ചിത്രസാഹിത്യത്തിന്റെ പ്രമുഖമായ ഒരു ശാഖയാണ് തിരക്കഥകൾ. നല്ലൊരു സിനിമയ്ക്കടിസ്ഥാനം നല്ല തിരക്കഥയാണ്. തിരക്കഥയില്ലാതെ സിനിമയെടുക്കുന്ന സംവിധായകരുമുണ്ട്.

- ഒരു തിരക്കഥ നിരവധി അങ്കങ്ങൾ (scene) ആയി വിഭജിച്ചിരിക്കും. അങ്കങ്ങളെ തിരചിത്രങ്ങൾ(Shot) ആയി വിഭജിച്ചിരിക്കും. സാധാരണയായി സീൻ എഴുതി തീർന്നതിനുശേഷമാണ് ഓരോന്നിനെയും ഷോട്ടുകൾ ആയി വിഭജിക്കുന്നത്.
- ഒരു കഥയിൽ അന്തർഭവിച്ചിട്ടുള്ള കഥയുടെ ദൃശ്യാവിഷ്കാരത്തെ സംബന്ധിച്ച വിശദീകരണത്തോടൊപ്പം കഥയുടെ ക്രമാനുഗതവും അടുക്കും ചിട്ടയുമാർന്ന വളർച്ചയും വികാസവും തിരക്കഥയിൽ പ്രതിഫലിക്കുന്നു.
- തിരക്കഥ ഒരു സാഹിത്യ രൂപമല്ല. ചിത്രീകരിക്കപ്പെടേണ്ട സംഭവങ്ങളുടെ വിശദീകരണങ്ങൾ ആണ്. എന്നാൽ സിനിമയ്ക്ക് ശേഷം പുറത്തിറങ്ങുന്ന പുസ്തകരൂപത്തിലുള്ള തിരക്കഥകൾക്ക് ഇപ്പോൾ സാഹിത്യസ്വഭാവം കൈവന്നിട്ടുണ്ട്.

### തിരക്കഥകൾ മലയാളസാഹിത്യത്തിൽ

മലയാള സാഹിത്യത്തിലെ പല പ്രമുഖരും തിരക്കഥകൾ, എന്ന നവീനമായ സാഹിത്യ ശാഖയിലൂടെ സിനിമ എന്ന മാധ്യമത്തിന്റെ വളർച്ചക്ക് സഹായമായി പ്രവർത്തിച്ചിട്ടുണ്ട്. എം.ടി വാസുദേവൻ നായർ, പി. പത്മരാജൻ, ലോഹിതദാസ്, ശ്രീനിവാസൻ, രഞ്ജി പണിക്കർ, മധു മുട്ടം, രഞ്ജിത്ത്, വേണു നാഗവള്ളി എന്നിവർ മലയാളത്തിലെ പ്രമുഖരായ തിരക്കഥാകൃത്തുകളാണ്.അനേകം മികച്ച തിരക്കഥകൾ മലയാള സിനിമയിൽ ഉണ്ടായിട്ടുണ്ട്.

### മലയാള സിനിമയിലെ തിരക്കഥാകൃത്തുക്കൾ

തോപ്പിൽ ഭാസി, എസ്.എൽ. പുരം സദാനന്ദൻ, ശ്രീകുമാരൻ തമ്പി,എം.ടി. വാസുദേവൻ നായർ, പത്മരാജൻ,ജോൺ പോൾ, ലോഹിതദാസ് ടി. ദാമോദരൻ,

ശ്രീനിവാസൻ, പ്രിയദർശൻ, സത്യൻ അന്തിക്കാട്,ഫാസിൽ, ജിത്തു ജോസഫ്, വിനീത് ശ്രീനിവാസൻ

**<u>ആടുജീവിതം – നോവലും സിനിമയും</u>**

ബെന്യാമിന്റെ ആടുജീവിതം എന്ന നോവലിനോടും ഒരുപക്ഷേ അതിൽ കൂടുതൽ ഗൾഫിൽ മരുഭൂമിയിൽ ഒറ്റപ്പെട്ടുപോയ നജീബിന്റെ പ്രവാസ ജീവിതാനുഭവങ്ങളോടും പൂർണമായി നീതി പുലർത്തുന്ന സിനിമയാണ് ബ്ലെസിയുടെ 'ആടുജീവിതം'. പ്രണയം, സ്നേഹം, വാത്സല്യം, പ്രതികാരം തുടങ്ങിയവ സ്ഥായീഭാവങ്ങളായി ആസ്വാദക മനസിൽ വിരിയിച്ചെടുക്കുന്ന ഇന്ത്യൻ സിനിമകളുടെ പതിവു ശ്രേണിയിൽ നിന്നു മാറി നിൽക്കുന്നു നജീബിന്റെ നിസഹായതയോടും അതിജീവിക്കാനുള്ള സ്വപ്നങ്ങളും കോർത്തിണക്കുന്നതാണ് സിനിമ.

ഒരു ലഘുനോവലിന്റെ അക്ഷരക്കൂട്ടങ്ങളിൽ ബെന്യാമിൻ അടക്കി വച്ച നജീബിന്റെ അതിജീവന സംഘർഷങ്ങളും ആത്മസംഘട്ടനങ്ങളും നിറഞ്ഞ, സൂക്ഷ്മാവിഷ്കാരമില്ലെങ്കിൽ പാളിപ്പോകുമായിരുന്ന, ഇതിവൃത്തത്തെ ഗംഭീരമായി പകർത്തി വയ്ക്കാൻ കഴിഞ്ഞ സ്ക്രിപ്റ്റിങ്ങും സംവിധാനവും സിനിമാട്ടോഗ്രാഫിയും എഡിറ്റിംഗും കലാസംവിധാനവും സാങ്കേതികത്തികവും പരസ്പരം മികവിൽ മത്സരിക്കുക തന്നെ ചെയ്യുന്നു. എ.ആർ. റഹ്മാന്റെ സംഗീതവും സുനിൽ കെ.എസിന്റെ ഛായാഗ്രഹണവും റസൂൽ പൂക്കുട്ടിയുടെ ശബ്ദമികവുമെല്ലാം സിനിമയുടെ വിജയത്തിന്റെ അനിവാര്യ ചേരുവകളാണ്.

നോവലിലെ നജീബിനെ സൃഷ്ടിച്ചെടുക്കുന്നതിൽ സിനിമ വിജയിച്ചു എന്ന് പറയാം. സിനിമയുടെ ക്രാഫിറ്റിങ് അത്തരത്തിലുള്ളതായിരുന്നു. മികച്ച കഥാപാത്രങ്ങളും മികച്ച അഭിനയ സാധ്യതയും, മികച്ച ദൃശ്യപ്രാധാന്യമുള്ള ഒന്നായിരുന്നു സിനിമ. ഗൾഫിൽ ജോലി തേടിയെത്തി കാട്ടറബിയുടെ കൈയിൽ അകപ്പെട്ട് മരുഭൂമിയിൽ പെട്ടു പോകുന്ന നജീബ് എന്ന മലയാളിയുടെ അതിജീവനത്തിന്റെ വാങ്മയ ചിത്രം ബെന്യാമിൻ വായനക്കാരന്റെ ഭാവനയിൽ വരച്ചു തെളിയിച്ചെടുത്ത അതേ ദൃശ്യമിഴിവ് വെള്ളിത്തിരയിൽ ആവിഷ്കരിക്കാൻ ബ്ലെസിക്ക് കഴിഞ്ഞിട്ടുണ്ട്. നജീബ് എന്ന കഥാപാത്രം പിറന്ന മണ്ണിനെയും ജീവിതം പങ്കിട്ട പെണ്ണിനെയും നനവും വെള്ളവും നിറഞ്ഞ സ്വപ്നങ്ങളിലൂടെയും ഓർമ്മകളിലൂടെയും മാത്രമാണ് ആദ്യാവസാനംവരെ സംവിധായകൻ പ്രേക്ഷകർക്കു പരിചയപ്പെടുത്തുന്നത്.

അതിർവരമ്പുകൾ ബാധിക്കാത്ത ഓർമ്മകളുടെയും സ്വപ്നങ്ങളുടെയും ഈ അതിരില്ലായ്മയിൽ സൃഷ്ടിച്ചെടുക്കുന്ന ജലസമൃദ്ധിയുടെയും പ്രണയസമൃദ്ധിയുടെയും പച്ചപ്പ് വിരിച്ച കോൺട്രാസ്റ്റിന്റെ കൂടി പശ്ചാത്തലത്തിലാണ് നജീബ് പെട്ടുപോയ മരുഭൂമി എന്ന യാഥാർത്ഥ്യത്തെ ബ്ലസ്സി അവതരിപ്പിക്കുന്നത്. ഇങ്ങനെ മലയാളക്കരയുടെ പച്ചപ്പിലേക്ക് നജീബിന്റെ ഓർമ്മകളിലൂടെ എത്തി നോക്കിച്ച് മരുഭൂമി എന്ന അനിശ്ചിത യാഥാർത്ഥ്യത്തെ പ്രേക്ഷകന്റെ കാഴ്ചകളിലും ചിന്തകളിലും നിറയ്ക്കുമ്പോൾ സൃഷ്ടിക്കപ്പെടുന്നത് കുളിർമ്മയുള്ള ഭൂതകാലത്തിന്റെയും വരണ്ടുണങ്ങിയ വർത്തമാനത്തിന്റേയും അടുക്കുകളാണ്. പ്രേക്ഷകന്റെ ഈ മനസ്സൊരുക്കലിന് ഒടുവിലാണ് കത്തുന്ന മരുഭൂമി താണ്ടിയുള്ള അതിജീവന പലായനം തുടങ്ങുന്നത്. നജീബിന്റെ ഏതാനും വർഷത്തെ ആടുജീവിതമാണോ ദിവസങ്ങൾ മാത്രം നീണ്ട അതിൽ നിന്നുള്ള പലായനമാണോ ജീവിതത്തിന്റെ അതിതീവ്ര ദുർഘടസന്ധി എന്ന് തീരുമാനിക്കാൻ കഴിയാത്ത വിധത്തിൽ മസരയിലെ ആടുജീവിതത്തിലും മരുഭൂമിയും

മണൽക്കാറ്റും അതിജീവിച്ച പലായനത്തിലും നജീബിനൊപ്പം നിന്നുപൊള്ളാൻ പ്രേക്ഷക മനസുകൾ പരുവപ്പെടുന്നിടത്താണ് ഈ സിനിമ പൂർണ വിജയം നേടുന്നത്.

<u>കഥാപാത്ര വിശകലനം</u>

നജീബിന്റെ ആടുജീവിതത്തിന്റെ കട്ടപിടിച്ച ഇരുട്ടിൽ വഴികാട്ടുന്ന രണ്ടു പേരാണ് ഹിന്ദുസ്ഥാനിയായ ഭായിയും ആഫ്രിക്കക്കാരനായ ഇബ്രാഹിം ഖാദിരിയും. റോഡ് ദൂർ ബഹുത് ദൂർ കിസേ മാലൂം കിതനാ ദൂർ എന്ന് മസരയിൽ പെട്ടുപോയവന്റെ അവസ്ഥയെ നിർവചിക്കുന്ന ഇന്ത്യക്കാരനായ ഭായിയും അന്വേഷിക്കുന്നത് രക്ഷപ്പെടാനുള്ള വഴി തന്നെയാണ്. മസരയിൽ വന്നിറങ്ങുന്ന നജീബിന്റെ ആടുജീവിതത്തിന്റെ ഭാവികാല അവസ്ഥയാണ് ഇയാൾ. നജീബിന്റെ ജീവിതം നാളെ എന്തായിരിക്കുമെന്ന കാഴ്ച കൂടിയാണിയാൾ. ഒരേ സമയം നജീബിന്റെ വർത്തമാനവും ഭാവിയുമാണ് ഭായിയുടെയും നജീബിന്റെയും കോമ്പിനേഷൻ സീനുകൾ.

'അന്ദർ സെ കോയി ബാഹർ ന ജ സകേ' എന്ന വലിയ സത്യം പ്രേക്ഷകരെ അറിയിക്കുന്ന ഭായിയും പക്ഷേ, വിലക്കുകൾ ഭേദിച്ച് ഓടിരക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ വധിക്കപ്പെടുകയാണ്. കഴുകൻ കൊത്തിവലിക്കുന്ന ഭായിയുടെ മൃതശരീരവും ഓടിക്കാൻ ശ്രമിക്കുമ്പോൾ നജീബ് എന്ന പച്ച മനുഷ്യനെ ആക്രമിക്കുന്ന കഴുകൻമാരും മസരയിലെ ഭീകരത വ്യക്തമാക്കുന്നു. രക്ഷപ്പെടാൻ ശ്രമിക്കുന്ന ഭായിയുടെ തിരോധാനത്തിലൂടെ അഥവാ മരണത്തിലൂടെ അയാൾ വഹിച്ച ആടുജീവിതം നജീബിലേയ്ക്ക് പരകായ പ്രവേശം നടത്തുകയാണ്.

മസരയുടെ ചിതലരിച്ച ഓർമ്മപ്പുസ്തകമാണ് ഭായിയെങ്കിൽ മരുഭൂമിയിലെ അറിവാഴമാണ് ഇബ്രാഹിം ഖാദിരി എന്ന ആഫ്രിക്കക്കാരൻ. നജീബിന്റെ ഭാഷയില്ലാത്ത വഴികാട്ടി. മരുപ്പച്ച കണ്ട് മിഥ്യയിലേയ്ക്ക് ഓടിയടുക്കുന്ന ഹക്കിം എന്ന സഹയാത്രികന്റെ ഉന്മാദാവസ്ഥയെ സഹാനുഭൂതിയോടെ കാണുന്ന ചങ്ങാതി.

ഒട്ടകം 'വെള്ളം കിട്ടാണ്ട ചത്തതാരിക്കുമോ?' എന്ന് സന്ദേഹിച്ച് ക്ഷീണിതനും ഭീതിദനുമായി തളർന്നിരിക്കുന്ന ഹക്കിമിന് സ്വന്തം വസ്ത്രമൂരി നിഴൽ ഒരുക്കുന്ന മരുഭൂമിയിലെ സർവൈവലിസ്റ്റ്. മണ്ണുതിന്ന് രക്തം ഛർദ്ദിച്ച് മരണാസന്നനായ അവന് വിയർപ്പ് കൊണ്ട് ഇറ്റുവെള്ളം കൊടുക്കുന്ന നാട്ടറിവുകാരനാണയാൾ. മരുഭൂമിയിൽ ലിസാർഡിനെ കാണുമ്പോൾ ജീവികൾ ഉള്ളിടത്ത് വെള്ളമുണ്ടാകും എന്ന തിരിച്ചറിവിലേക്കെത്തുന്ന ഇബ്രാഹിം വെള്ളം വരെ നജീബിനെ എത്തിക്കുന്ന മോട്ടിവേറ്റർ കൂടിയാണ്. നാട്ടു മുതൽ ഗൾഫ് വരെ ഭാഗ്യം തേടിയുള്ള നജീബിന്റെ യാത്രയിലും പിന്നീട് മരുഭൂമിയിലെ വെയിൽ നാളങ്ങൾ മുറിച്ചു കടക്കുമ്പോഴും നിഷ്കളങ്ക സാന്നിദ്ധ്യമായി കൂടെയുണ്ടായിരുന്ന ഹക്കിം, അറബികളായ കഫീലുകൾ, നജീബിനെ നഗരത്തിൽ എത്തിക്കുന്ന കാറുടമ, സ്വന്തം പോലെ കാക്കുന്ന കുഞ്ഞിക്കായുമടക്കമുള്ള മിഴിവുറ്റ കഥാപാത്ര സൃഷ്ടിയാണ് ആടുജീവിതത്തെ ക്ലാസിക് ആക്കുന്നത്. അഭിനയ പ്രാധാന്യമില്ലാത്ത ഒരു കഥാപാത്രം പോലും സിനിമയിലില്ല. ഓരോ കഥാപാത്രത്തിനും കൃത്യമായ വ്യക്തിത്വം നൽകിയുള്ള കഥാപാത്ര നിർമിതിയാണ് സംവിധായകൻ കൈ കൊണ്ടിരിക്കുന്നത്. നിഷ്കളങ്കനും ആവേശഭരിതനുമായ ഹക്കിമിന്റെ അണയുന്നതിനു മുമ്പുള്ള ആളിക്കത്തൽ ഷോട്ടുകൾ നിർമ്മിച്ചിരിക്കുന്നത് നായകനെ അല്പം പുറകിൽ നിർത്തിയാണ്. അതുകൊണ്ട് തന്നെയാണ് പൂർണ്ണമായ അർത്ഥത്തിൽ അതൊരു സംവിധായകന്റെ സിനിമയാകുന്നത്. ഹക്കിമും ഇബ്രാഹിം കാദിരിയും സൈനുവും ഉമ്മയും

അല്പ സമയത്തേയ്ക്ക് മാത്രമെത്തുന്ന കാവാലം ശ്രീകുമാർ എന്ന സ്പോൺസ്റും അറബിയും ഭായിയുമെല്ലാം ഇത്തരത്തിൽ മിഴിവുറ്റ കഥാപാത്രങ്ങളാണ്.

## ജലം കഥയും കഥാപാത്രവുമാകുമ്പോൾ

ഉമ്മയെയും സൈനുവിനെയും പിറക്കാനിരിക്കുന്ന കുഞ്ഞിനെയും ഒരിക്കൽ കൂടി കാണണം എന്നും പെട്ടുപോയ മരുഭൂമിയിലെ മസരയിൽ നിന്ന് രക്ഷപ്പെടണമെന്നും ഉള്ള അഭിലാഷത്തിൽ നിന്ന് പിന്നീട് നജീബ് എത്തുന്നത് പ്രാഥമിക ആവശ്യങ്ങൾക്കുപോലും വെള്ളം ഉപയോഗിക്കാൻ പാടില്ല എന്ന യാഥാർത്ഥ്യത്തിലേയ്ക്കാണ്. മരുഭൂമി കടന്ന് രക്ഷപ്പെടാൻ കാതങ്ങൾ ഓടിത്തീരേണ്ട അതിജീവന പ്രതിസന്ധിയിലാകട്ടെ അയാൾ ആഗ്രഹിക്കുന്നത് ഒരിറ്റ 'വെള്ളം കിട്ടി ചത്താൽ മതി' എന്നാണ്. ഗൾഫിൽ എത്തുന്നതിന് മുമ്പുള്ള നജീബിന്റെ ജീവിതം പ്രേക്ഷകരുടെ മുന്നിൽ അവതരിപ്പിക്കുന്നത് അയാളുടെ തന്നെ സ്വപ്നങ്ങളിലൂടെയും ഓർമ്മകളിലൂടെയുമാണ്. മസരിയിൽ നിന്ന് പലായനം ചെയ്യുന്ന ദിവസം ആദ്യമായി വെള്ളം കൊണ്ട് മുഖം കഴുകുമ്പോൾ വേദനയിൽ പുളയുന്നുണ്ട് നജീബ്. നജീബിന്റെ ഓർമ്മകളിലെ ജലസമൃദ്ധിയല്ല നായകനെ മുറിവേല്പിക്കുന്ന ഒരു കഥാപാത്രമാണ് മരുഭൂമിയിലെ ജലം.

## സെക്സും വിശപ്പും നോവലിലും സിനിമയിലും

സാംസ്കാരികമായ സ്വത്വ സംഘർഷങ്ങൾ അവസാനിക്കുന്നിടത്ത് മനുഷ്യനെന്ന നിലയിലുള്ള നജീബിന്റെ അതിജീവനവും സഹവാസികൾ ഇല്ലാത്ത അവസ്ഥയോട് സമരസപ്പെടുന്നിടത്ത് ഒരു ജീവി എന്ന നിലയിലുള്ള അയാളുടെ അതിജീവന പ്രതിസന്ധികളും തുടങ്ങുന്നു. മറ്റ് ഓപ്ഷനുകൾ ഇല്ല എന്ന തിരിച്ചറിവിൽ നിന്നു തുടങ്ങുന്ന നജീബിന്റെ അനുസരണം യജമാനന്റെ അടിമയായി മാറേണ്ടി വരുന്ന നിവൃത്തിയില്ലായ്മയായി നോവലും സിനിമയും തുറന്നുകാട്ടുന്നു. ആടുജീവിതം എന്ന നോവലിൽ മനുഷ്യന്റെ അടിസ്ഥാന ചോദനകളായി വിശപ്പിനെയും ലൈംഗിക അഭിവാഞ്ഛയെയും അവതരിപ്പിക്കുന്നത് പച്ചയായ യാഥാർത്ഥ്യങ്ങളായാണ്. വിശപ്പിന്റെ ആധിക്യത്തിൽ മൃഗങ്ങൾക്കുള്ള ഭക്ഷണം മനുഷ്യർക്കുള്ള ഭക്ഷണം പോലെ നോർമൽ ആയി തീരുന്നത് നോവലിലും സിനിമയിലും നിറഞ്ഞ സ്വാഭാവികതയോടെ ആവിഷ്കരിച്ചിട്ടുണ്ട്. ഒട്ടകത്തിനു ഭക്ഷണം നൽകുന്നതിനിടയിൽ സ്വാഭാവികതയോടെ ഒരു പിടി എടുത്ത് വായിലേയ്ക്കിടുന്ന പൃഥിരാജിന്റെ നജീബ് പ്രേക്ഷക ഹൃദയങ്ങളിൽ ഒരു ചാട്ടുളി കൊളുത്തി വലിക്കുന്നുണ്ട്. ബാല്യകാല ഓർമ്മകളിൽ ഗ്രാമത്തിലെ വേശ്യയുടെ മുഖം മിന്നി മറയുകയും ലൈംഗിക തൃഷ്ണ മനുഷ്യവാസനകളെ മറികടക്കുന്ന ഒരവസരത്തിൽ ആടിനെ പ്രാപിക്കുകയും ചെയ്യുന്നതാണ് നോവലിൽ മനുഷ്യന്റെ ആടുജീവിതത്തിന്റെ അഥവാ മൃഗ ജീവിതത്തിന്റെ ഉച്ചസ്ഥായി. ഇതിന് യഥാർത്ഥ ജീവിതവുമായി ബന്ധമില്ലെന്ന് യഥാർത്ഥ കഥയിലെ നജീബ് പറഞ്ഞിട്ടുണ്ട്. ആടുജീവിതത്തിന്റെ ഭീകരതയിലേയ്ക്ക് ബെന്യാമിൻ പ്രേക്ഷകരെ എത്തിക്കുന്നത് ഇത്തരത്തിൽ ആടിനെ പ്രാപിക്കേണ്ടി വരുന്ന മനുഷ്യന്റെ മൃഗജീവിതം പറഞ്ഞാണ്. ബെന്യാമിൻ എഴുതിയത് നജീബിന്റെ ജീവചരിത്രം അല്ലാത്തതു കൊണ്ട് തന്നെ മനുഷ്യന്റെ ആടു ജീവിതത്തിന്റെ തീവ്രത വ്യക്തമാക്കാൻ നോവൽകാരൻ ഉപയോഗിച്ച ഒരു സങ്കേതമായി ഇതിനെ കാണാം. സിനിമയിൽ അസ്വീകാര്യതയുടെ ഇത്തരം റിസ്കുകൾ ഒഴിവാക്കി മലയാള നാടിന്റെ അക്കരപ്പച്ചയിൽ ഭാര്യയെ കുറിച്ചുള്ള മധുരിക്കുന്ന ഓർമ്മകളായും സ്വപ്നങ്ങളായും അത് കാല്പനികവത്കരിക്കുകയും അതിലൂടെ നജീബിന്റെ നഷ്ടജീവിതത്തിന്റെ ഗൃഹാതുരത്വത്തിലേക്ക് പ്രേക്ഷകരെ എത്തിക്കുകയും ചെയ്യുന്നു. സിനിമയുടെ രണ്ടാം പാദത്തിലെ അതിജീവന പലായനങ്ങളുടെ തീവ്രത

കൂട്ടുന്നത് പച്ചപ്പും നനവിന്റെ സമൃദ്ധിയുമുള്ള മലയാള നാടിന്റെ വിഷ്വൽ സീക്വൻസുകൾ കൂടിയാണ്. മരുഭൂമിയിലെ ആടുജീവിതം എന്ന യാഥാർത്ഥ്യവും ഓർമ്മകളിലെ മലയാളനാടെന്ന അക്കരപ്പച്ചയും നൽകുന്ന കോൺട്രാസ്റ്റാണ് പ്രേക്ഷകരുടെ സിനിമാനുഭവത്തിന് ആഴവും മിഴിവും നൽകുന്നത്.

<u>കാലാതിവർത്തിയായി ഭാഷയും സംഭാഷണവും സങ്കേതങ്ങളും</u>

ആടുജീവിതം സംഭവിക്കുന്ന കാലപരിസരം കുവൈത്ത് യുദ്ധത്തിനു ശേഷമാണ് എന്നു മനസ്സിലാക്കാം. എന്നാൽ മരുഭൂമിയിലെ മസറയിൽ എത്തുന്ന നജീബിനു മുന്നിൽ കാലം നിന്നു പോകുകയാണ്. പ്രാഥമികാവശ്യത്തിന് വെള്ളം ഉപയോഗിക്കുന്നതിന് കിട്ടുന്ന താഡനത്തിലൂടെ വെള്ളം അസുലഭ വസ്തുവാണെന്ന് വ്യക്തമാകുന്നു. വാഹനത്തിലെ കണ്ണാടിയിൽ സ്വന്തം മുഖം നോക്കുന്ന നജീബിനെ അറബിയായ കഫീൽ തോക്കിന്റെ പാത്തി കൊണ്ട് അടിക്കുന്നതിനിടയിൽ നിറഞ്ഞു കവിയുന്ന ടാങ്കും മങ്ങിത്തുടങ്ങുന്ന ബോധത്തിലും ഓർമ്മത്തേരിൽ ജന്മനാട്ടിലെ ജലസമൃദ്ധിയിലേയ്ക്ക് സഞ്ചരിക്കുന്ന നജീബും രണ്ടോ മൂന്നോ ഷോട്ടുകളിലൂടെ കൃത്യമായി പങ്കുവയ്ക്കുന്നത് നജീബിന്റെ മനുഷ്യ ജീവിതം എവിടെ അവസാനിക്കുന്നുവെന്നും ആടുജീവിതം അഥവാ മൃഗജീവിതം എവിടെ തുടങ്ങുന്നു എന്നുമാണ്. മണ്ണു ഭക്ഷിച്ച് രക്തം ഛർദ്ദിക്കുന്ന ഹക്കിം പ്രേക്ഷകന്റെ പെരുവിരൽ മുതൽ ശരീരത്തിലെത്തിക്കുന്നത് ഭയവും ഭീകരതയും അറപ്പും ചേർന്ന ഒരു തരം പെരുപ്പും മരവിപ്പും കൂടിയാണ്. അറിയാതെ സ്ഥലകാലം മറന്ന് സിനിമയിൽ ലയിച്ചിരിക്കുമ്പോൾ കുതിച്ചു പാഞ്ഞ് നായകന്റെ നെറ്റിയിൽ ഇടിക്കുന്ന മുട്ടനാടിന്റെ ഇടി ക്ഷണനേരത്തേയ്ക്കെങ്കിലും വന്നു പതിച്ച് വേദനയും മരവിപ്പും സൃഷ്ടിക്കുന്നത് പ്രേക്ഷകന്റെ തിരുനെറ്റിയിലാണ്. ഹക്കിം ചെറിയ പേപ്പർ കവറിലെഴുതിയ, മസറയിൽ നിന്ന് രക്ഷപ്പെടാനുള്ള പദ്ധതി കാറ്റിൽ പറന്നാടുമ്പോൾ അതിന്റെ പിന്നാലെ ദൈന്യതയിലും പ്രതീക്ഷയോടെ ഓടുന്ന നജീബിനൊപ്പം ശ്വാസം അടക്കിപ്പിടിച്ച് ഓടിയവരാണ് സിനിമ കണ്ട പ്രേക്ഷകർ.

മസറയിൽ നിന്ന് രക്ഷപ്പെടുന്ന ദിവസം യാതനയുടെ പഴയ വസ്ത്രങ്ങൾ ഉരിഞ്ഞു കളയുമ്പോൾ അവ ഒരു മനുഷ്യന്റെ ശരീരത്തിൽ ഏല്പിച്ച രൂപമാറ്റത്തിന്റെ നടുക്കത്തിൽ ശരീരത്തിന്റെ നഗ്നത നഗ്നമല്ലാതായിത്തീരുന്ന സിനിമാനുഭവവും മലയാളി പ്രേക്ഷകർക്ക് പുതിയതാണ്. സൂക്ഷിച്ചു വച്ച ട്രൗസർ ദാരിദ്ര്യം കൊണ്ട് മെലിഞ്ഞുണങ്ങിപ്പോയ ശരീരത്തിൽ ധരിച്ച് ചരട് കൊണ്ട് കെട്ടിയുറപ്പിക്കുമ്പോൾ കഥാപാത്രത്തിലേയ്ക്ക് ഒരു നടൻ നടത്തിയ അസാധാരണ യാത്രയുടെ ശരീരഭാഷ കൂടിയാകുന്നു അത്. ദാരിദ്ര്യം മെല്ലിച്ച് എല്ലും തോലുമാക്കിയ മനുഷ്യ ശരീരത്തിന്റെ നെറ്റിയിൽ നിന്ന് പിണഞ്ഞ് താഴേക്കിറങ്ങുന്ന നാഡീഞരമ്പുകളും നഗ്നമല്ലാതാകുന്ന നഗ്നതയും മനുഷ്യ യാതനയോട് സംവദിക്കുന്ന മൃഗങ്ങളും പലായത്തിന് ഒരുക്കപ്പെട്ട മരുഭൂമിയുമെല്ലാം ചേർന്ന് ലോകോത്തര നിലവാരത്തിലുള്ള ഒരു ഇറാനിയൻ സിനിമയെ ഓർമ്മിപ്പിക്കുന്നു ആടുജീവിതം.

ഭാഷയ്ക്കും രാജ്യസ്നേഹത്തിനും അപ്പുറം നിലനിന്ന ഇബ്രാഹിം ഖാദിരി എന്ന സർവൈവൽ മാനവികത 'മസ്റ്റ് വാക്ക് റ്റിൽ ഡൈ' എന്ന് മരുഭൂമിയുടെ ഭാഷയെ വ്യാഖ്യാനിച്ചു നൽകി നജീബ് എന്ന പലായനത്തിലെ ചങ്ങാതിക്കായി ഒരു കുപ്പി വെള്ളം മാത്രം ബാക്കിയാക്കി മണൽക്കാറ്റിൽ മൂടിപ്പോകുമ്പോൾ സഹോദരന്റെ വേർപാടായി പ്രേക്ഷകരെ വേദനിപ്പിക്കുന്നു. ഇബ്രാഹിം ബാക്കിയാകുന്ന വെള്ളം അയാളുടെ തന്നെ മനുഷ്യത്വത്തിന്റെ പ്രതീകമായി നജീബിനൊപ്പം സഞ്ചരിക്കുന്നു. അയാളുടെ തിരോധാനം

നമ്മളിൽ ഒരാളുടെ നഷ്ടമായി മാറുന്നു. ഉറങ്ങി എഴുന്നേൽക്കുമ്പോൾ ചുറ്റിനും സാൻഡ് ഡ്യൂണുകളും അതിലെവിടെയോ അപ്രത്യക്ഷനായ വഴികാട്ടിയും സൃഷ്ടിക്കുന്ന ആഘാതത്തിന്റെ തകർച്ചയിലും മുന്നോട്ടു തന്നെ ഓടിപ്പോകുന്ന നജീബ് അവസാനം റോഡിലേയ്ക്കെത്തുന്ന കാഴ്ചയെക്കാൾ മനോഹരമായ മറ്റൊരു ഷോട്ടുമില്ല. കൈയിൽ നിന്ന് തെറിച്ചു താഴേയ്ക്കു വീഴുന്ന കുപ്പിക്കൊപ്പം പഴുത്തു വിണ്ട കാലുകളുമായി ബോധശൂന്യനായി നജീബും വീണു പോകുമ്പോൾ മുന്നോട്ടുരുളുന്ന ഇബ്രാഹിം കാദിരിയുടെ കുപ്പി യാത്ര അവസാനിപ്പിക്കുന്നിടത്ത് റോഡെത്തുകയാണ്.

പെറുക്കിയെടുത്ത അക്ഷരക്കൂട്ടങ്ങളിൽ തീർത്ത സംഭാഷണമാണ് സിനിമയുടെ മറ്റൊരു പ്രത്യേകത. മുറിഞ്ഞ അക്ഷരങ്ങളും വാക്കുകളും കൊണ്ട് സൃഷ്ടിച്ചെടുക്കുന്ന അർത്ഥങ്ങളാണ് ആടുജീവിതത്തിന്റെ ഭാഷ. ഭാഷ നഷ്ടപ്പെട്ട മനുഷ്യർ അത്യാവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന അക്ഷരക്കഷണങ്ങളാണവ. വെള്ളത്തിന്റെയും ഭക്ഷണത്തിന്റെയും ദൗർലഭ്യം പോലെ തന്നെ അക്ഷരങ്ങൾക്കും ആടുജീവിതത്തിൽ ദൗർലഭ്യമുണ്ട്.

നേരം ഇരുണ്ടു വെളുക്കുന്നതും ഋതുഭേദങ്ങളും മാറി മറയുന്നുണ്ടെങ്കിലും നജീബിന്റെ മാറുന്ന കോലത്തിലൂടെയാണ് കാലത്തിന്റെ മാറ്റങ്ങളെ സംവിധായകൻ പ്രേക്ഷകർക്ക് കാണിച്ചു തരുന്നത്. പൊളിഞ്ഞ വാഹനത്തിന്റെ കണ്ണാടി നോക്കി ഇടറിയ ശബ്ദത്തിൽ എത്ര നാളായി എന്ന് സ്വയം ചോദിച്ച് കാലനിർണ്ണയത്തിന്റെ അസാധ്യത നജീബിനെക്കൊണ്ടു തന്നെ സംവിധായകൻ പറയിപ്പിക്കുന്നുണ്ട്. അറബിയായ കഫീൽ കണ്ണാടി പൊട്ടിച്ചു കളയുന്നതിലൂടെ മുഖവും കാലവും മറന്നു പോയ ഒരാളായി നജീബ് മാറുന്നു. രക്ഷപ്പെടാൻ ശ്രമിച്ച് പിടിക്കപ്പെട്ട് തോക്കിന്റെ പാത്തിയാൽ കാലുകൾ അടിച്ചു തകർക്കപ്പെടുന്ന അയാൾ പട്ടിണി തീർത്ത കുനും വളവുമായി പിന്നീട് മസറയിലെ ജീവിതം ജീവിച്ചു തീർക്കുന്നതും മരുഭൂമി താണ്ടുന്നതും മുടന്തുകാലുമായിട്ടാണ്. മനുഷ്യന്റെ സാംസ്കാരിക പരിസരത്തു നിന്ന് അകന്നു ജീവിക്കുന്ന നജീബിന്റെ ശരീരത്തിൽ ജീവസ്സുറ്റതായി ആകെ അവശേഷിക്കുന്നത് തിളങ്ങുന്ന കണ്ണുകൾ മാത്രമാണ്. നജീബിന്റെയും ഒട്ടകങ്ങളുടെയും ആടുകളുടെയും ആശയവിനിമയത്തിന്റെ ഭാഷയായി തിളങ്ങുന്ന ആ മൃഗക്കണ്ണുകൾ മാറുന്നു. പിരിയുമ്പോൾ 'വേറാരെങ്കിലും വരും... നെന്നെപ്പോലെ...' എന്ന് ആത്മനിന്ദയോടെ പറയുമ്പോഴും ബന്ധങ്ങൾ അറ്റുപോയി പ്രകൃതിയിൽ നിന്നും പ്രകൃതങ്ങളിൽ നിന്നു പോലും ഒറ്റപ്പെട്ടു പോയ മനുഷ്യന്റെ ഉറ്റ ബന്ധുക്കളായി ആടുകളും ഒട്ടകങ്ങളും മാറുന്ന കാഴ്ചയും നാം കാണുന്നു. ആടുജീവിതം പതിയെ ആടുബന്ധത്തിന്റെ ഭാഷ്യമായി മാറുന്നു.

ഒറ്റപ്പെട്ടു പോയവന്റെ നിസ്സഹായതയുടെ ഭാഷ നഷ്ടപ്പെടുന്നവന്റെ കൾച്ചറൽ ഷോക്കിന്റെ ഭാഷയായും ഉറങ്ങാൻ ഭൂമിയിലെ അല്പം ഇടത്തിനായി ആടുകളുമായി വഴക്കു പിടിക്കുന്ന സർവൈവൽ സ്ട്രഗിളിന്റെ ഭാഷയായും പിന്നീട് സാഹചര്യത്തോട് പൊരുത്തപ്പെട്ടു തുടങ്ങുമ്പോൾ സമരസപ്പെടലിന്റെ ഭാഷയായും മാറുന്നു. രക്ഷപ്പെടാനുള്ള വഴി തേടുന്നവന്റെ യാതനയും ദൈന്യതയും നിഴലിച്ച് മരുഭൂമിയോളം വരണ്ടുപോയ മുഖവും വരണ്ടുണങ്ങി നീലിച്ചു പോയ ചുണ്ടുകളും സൃഷ്ടിച്ചെടുത്ത സിനിമയുടെ ഭാഷ കാലാതിവർത്തിയാണ്. മണ്ണിന്റെ മണവും നനവും തെളിച്ചവുമുള്ളത് ഓർമ്മകളുടെ ഭാഷയ്ക്കു മാത്രമാണ് രക്ഷപ്പെടില്ലെന്നുറപ്പിക്കുമ്പോഴും ഉമ്മയുടെയും ഭാര്യയുടെയും സ്നേഹം നിറച്ച അച്ചാർ കുപ്പിയിൽ നാടിന്റെ മണം സൂക്ഷിച്ച് അതിജീവിക്കുന്ന നജീബുമാർക്കു മാത്രം മനസിലാകുന്നതാണ് ആ ഭാഷയുടെ ആഴം.

(സിനി കെ. തോമസ്)

## തിരക്കഥയുടെ കഥയില്ലായ്മകൾ – സി. എസ് വെങ്കിടേശ്വരൻ

- മലയാളത്തിലെ പ്രമുഖനായ ചലച്ചിത്രനിരൂപകനും ഡോക്യുമെന്ററി ചലച്ചിത്രസംവിധായകനും പ്രൊഫസറുമാണ് ചിറ്റൂർ സുബ്രഹ്മണ്യൻ വെങ്കിടേശ്വരൻ എന്ന സി. എസ്. വെങ്കിടേശ്വരൻ. ഇംഗ്ലീഷിലും മലയാളത്തിലും എഴുതുന്ന ഇദ്ദേഹം മികച്ച ചലച്ചിത്രനിരൂപകനുള്ള ദേശീയപുരസ്കാരം 2009ൽ നേടിയിട്ടുണ്ട്.
- ലക്ഷണയുക്തമായ തിരക്കഥ എന്ത് എന്തായിരിക്കണം എന്നൊക്കെ നിർവചിക്കുക എന്നല്ല ഈ ലേഖനം.
- ഇന്ന് മലയാളസിനിമയിൽ ഇറങ്ങുന്ന തിരക്കഥകൾ ഉണ്ടാക്കുന്ന ആശയെ കുഴപ്പത്തെ കുറിച്ചും അതിന്റെ പശ്ചാത്തലത്തിൽ സിനിമാസാഹിത്യം എന്നീ കലാരൂപങ്ങളെ കുറിച്ചുമാണ് ഈ കുറിപ്പിൽ.
- ഓരോ ചലച്ചിത്രകാരനും വ്യത്യസ്തമായ രീതിയിലാണ് തിരക്കഥകൾ ഉപയോഗിക്കുന്നത്. നിരവധി ചലച്ചിത്രകാരന്മാരുടെ ഉദ്ധരണികൾ ഉപയോഗിച്ചുകൊണ്ടാണ് ഇതിൽ വിശകലനം ചെയ്യുന്നത്.

### തിരക്കഥയുടെ തിര

- മലയാള പുസ്തക രംഗത്ത് തിരക്കഥകളുടെ പ്രവാഹം ഇന്ന് വളരെയധികം വർദ്ധിച്ചത് കാണാം. എം ടി പത്മരാജൻ തുടങ്ങിയവർ മാത്രമാണ് ആദ്യകാലത്ത് തിരക്കഥകൾ പുസ്തകരൂപേണ ഇറക്കിയിട്ടുണ്ടായിരുന്നത്.
- ഇന്ന് ചലച്ചിത്ര മേഖലയുടെ കാര്യത്തിൽ ശ്രദ്ധിക്കുന്ന പോലെ തന്നെ തിരക്കഥയുടെ കാര്യത്തിലും വളരെ സജീവമായ ഇടപെടലുകൾ കാണാൻ സാധിക്കുന്നു.
- ചിത്രത്തിന്റെ കലാമൂല്യമോ വിജയമോ ഇവിടെ മാനദണ്ഡമാകുന്നില്ല. വിദേശ സിനിമകളുടെ തിരക്കഥകളും വിവർത്തനങ്ങളും ഇവിടെ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്.
- ബർഗ്മാൻ, കുറോസോവ തുടങ്ങിയവരുടെ കാര്യത്തിൽ പ്രസിദ്ധീകൃതമായ തിരക്കഥകളുടെ വിവർത്തനമാണ് മലയാളത്തിൽ വരുന്നതെങ്കിൽ മറ്റു പല തിരക്കഥകളും പ്രസ്തുത ചിത്രങ്ങളുടെ ഡിവിഡിയും അതിലുള്ള സബ്ടൈറ്റിലിനെയും ആധാരമാക്കിയാണ് എഴുതപ്പെടുന്നത്.
- യഥാർത്ഥ തിരക്കഥ വാക്കുകളിലൂടെ ദൃശ്യത്തെ ഭാവന ചെയ്യുമ്പോൾ ഇവർ എതിർ ദിശയിലാണ് സഞ്ചരിക്കുന്നത്. ദൃശ്യത്തെയും സംഭാഷണത്തെയും വാക്കുകളിലൂടെ എഴുതുവാനുള്ള ശ്രമമാണ് തിരക്കഥയിൽ.
- തിരക്കഥ എന്ന സാഹിത്യരൂപം കഥപോലെ ആഖ്യാന സ്വഭാവമാണ് പ്രകടിപ്പിക്കുന്നത്.
- ഒരു സംഭാഷണശകലത്തിൽ നിന്നോ ആശയത്തിൽ നിന്നും സന്ദർഭത്തിൽ നിന്നോ ആകാം സിനിമ തുടങ്ങുന്നത്. സിനിമയിലേക്ക് എത്തുമ്പോൾ അതിന്റെ പ്രോസസ് ആകെപ്പാടെ മാറുന്ന അവസ്ഥയെക്കുറിച്ച് വിശകലനം ചെയ്യുന്നു ലേഖനത്തിൽ

### സിനിമയും സാഹിത്യവും

- സിനിമയും സാഹിത്യ അഭേദമായ ബന്ധമുണ്ട്

- ചില സിനിമകള് തിരക്കഥയിൽ പകർത്തുന്ന അതേ സ്വഭാവം സിനിമയിൽ തന്നെ കാണാൻ സാധിക്കാറുണ്ട് (അട്ടൂരിന്റെ നിലപാടിനെ കുറിച്ച് ലേഖകൻ വിശദീകരിക്കുന്നു.)
- ഗൊദാർദ്: ഒരു നോവൽ സിനിമയാക്കാനുള്ള ഏക വഴി അതിന്റെ പേജുകൾ ഓരോന്നായി ഷൂട്ട് ചെയ്യുക എന്നത് മാത്രമാണ്. എനിക്കൊരു തോക്കും പെണ്ണും തരൂ ഞാനൊരു സിനിമ ഉണ്ടാക്കാം

<u>തിരക്കഥ എന്ന വാമൊഴി</u>

- പോൾ ഷ്രാഡർ, തിരക്കഥാകൃത്ത്): തിരക്കഥാ രചന എന്നത് എഴുത്തിനെ സംബന്ധിക്കുന്നതാണെന്ന് ഞാൻ കരുതുന്നില്ല. അത് കഥ പറച്ചിൽ ആണെന്നാണ് എന്റെ പക്ഷം. തിരക്കഥ രചനയ്ക്ക് മഹത്തായ സാഹിത്യത്തേക്കാൾ അടുപ്പം നിങ്ങളുടെ അമ്മാവൻ താറാവ് വേട്ടയ്ക്ക് പോയതും പക്ഷി കടന്നുകളഞ്ഞ കാര്യമായിട്ടാണ് '
- കഥ എന്നത് കഥ പറച്ചിൽ ആയി വാമൊഴിയുടെ രൂപത്തിലാണ് കടന്നു വന്നിട്ടുള്ളത്. വരമൊഴിയേക്കാൾ വാമൊഴിയോടെയാണ് അതിന് ഭംഗിയുള്ളത്. പണ്ടുമുതൽ നാടോടി ഗായകരും പാട്ടുകരും പാണന്മാരും തിരുവെളിച്ചത്തിന് തീവട്ടത്തിനും ചുറ്റും കൂടിയ മനുഷ്യരെ കഥ പറഞ്ഞ് രസിപ്പിച്ചിരുന്നു എങ്കിൽ ഇന്നത് വെള്ളിത്തിരയുടെ പ്രഭയിലാണ് സംഭവിക്കുന്നത്.
- തിരക്കഥകളും സിനിമകളും വാമൊഴി രൂപത്തിലാണ് കടന്നുവരുന്നത്.
- ഏതൊരാൾക്കും വഴങ്ങുന്ന ഒരു ജനകീയ കലയായി സിനിമ മാറി. ഇന്ന് ബഹുഭാഷാ സിനിമകളിൽ സഹായകമായി സബ്ടൈറ്റിൽ കടന്നുവരുന്നു. നിശബ്ദത സിനിമയുടെ കാലത്ത് നിന്നും ശബ്ദസിനിമയുടെ കാലത്തെത്തിയപ്പോൾ ഭാഷാപരമായ പ്രാദേശികത കൈവരികയും നിശബ് സിനിമ എല്ലാവർക്കും മനസ്സിലാകുന്ന വിധം ആണെങ്കിൽ ശബ്ദ സിനിമാ സബ്ടൈറ്റിൽ വേണമെന്നുള്ള രീതിയിൽ വന്നു.

<u>തിരക്കഥ എന്ന വഴി</u>

- സിനിമയിൽ തിരക്കഥാകൃത്തിന് നല്ല പ്രാധാന്യം വരുന്നത് സംവിധായകനാണ്.
- ചില സമയത്ത് തിരക്കഥാകൃത്ത് സംവിധായകനായിരിക്കാം അഭിനേതാവും ആയിട്ട് കടന്നുവരാറുണ്ട് ( ജീൻ ക്ലോഡ് കാരിയർ)
- തോമസ് ആൽവാഡിസൺ തിരക്കഥകളുടെ ആവശ്യം തിരിച്ചറിഞ്ഞ് അമേരിക്കയിലെ കോളേജുകളെ പങ്കെടുപ്പിച്ചുകൊണ്ട് തിരക്കഥ മത്സരം സംഘടിപ്പിക്കുകയും. 337 തിരക്കഥകൾ ആകെ 8 എണ്ണം മാത്രം സിനിമയാക്കാൻ യോഗ്യത ഉള്ളതുമായി തിരഞ്ഞെടുത്തു. എല്ലാവർക്കും സാധ്യമായ ഒന്നല്ല സിനിമ എന്നതാണ് ഇവിടെ വിശദീകരിക്കാനുള്ള ശ്രമം.
- പറയുന്നുണ്ട് തിരക്കഥാകൃത്തിന്റെ പ്രേക്ഷ്യമെന്നത് ചലച്ചിത്രം എന്ന സാഹസത്തിനുള്ള ഒരു തുടക്കം മാത്രമാണ്. അത് സാഹിത്യ സഹസ്രത്തിന്റെ അന്ത്യമല്ല. തിരക്കഥാകൃത്ത് ചലച്ചിത്രകാരൻ ആവുകയും അതേസമയം അത് സാഹിത്യ പ്രക്രിയ അല്ല എന്ന് വാദിക്കുകയും ചെയ്യുന്നു.
- ഒരു ശലഭം ഉണ്ടാകാവുന്നതിനു മുൻപുള്ള പുഴുവിന്റെ അവസ്ഥയാണ് തിരക്കഥ. തിരക്കഥ ചവറ്റുകുട്ടയിൽ വീഴുന്നതുപോലെ എത്ര നന്നായിരിക്കുന്നുവോ അത്രയും ദൈർഘ്യം ഏരിയ ആയിരിക്കും ശലഭത്തിന്റെ പറക്കൽ സാഹിത്യമായും

സാഹിത്യ രചനയും തിരക്കഥയെ തെറ്റിദ്ധരിക്കരുതെന്ന് കരിയർ മുന്നറിയിപ്പ് നൽകുകയാണ് ഇവിടെ.

**<u>തിരക്കഥയുടെ ഭാഷ</u>**

- ചിത്രീകരണത്തെ ലക്ഷ്യം വയ്ക്കുന്ന രീതിയിലുള്ള സംഭാഷണ സന്ദർഭ സൂചനകൾ നൽകുന്ന രൂപരേഖയാണ് തിരക്കഥ എന്ന് പറയുന്നത്. എന്നാൽ അതിലെ ഭാഷയ്ക്കോ അലങ്കാരങ്ങൾക്കോ ഉപമകൾക്കോ പ്രാധാന്യമില്ല.
- ഒരു സിനിമയിൽ എന്തൊക്കെ വേണം എന്നുള്ളതിനെ കുറിച്ചുള്ള ഒരു ഡ്രാഫ്റ്റ് ആണ് തിരക്കഥ. ഏതു ഭാവം ഏത് സ്വഭാവം ഏത് ആങ്കിൾ ഏത് ഷോട്ട് എന്നതൊക്കെ ഇതുമായി ബന്ധപ്പെട്ട് കിടക്കുന്നു.
- ഒരു തുറന്നെഴുത്താണ് തിരക്കഥയ്ക്ക് ആവശ്യം. സിനിമയ്ക്ക് ശേഷം എഴുതപ്പെടുന്ന തിരക്കഥകൾ പലപ്പോഴും സാഹിത്യം പോലെയുള്ള ലാവണ്യ അനുഭവം നൽകാനാണ് ഇവിടെ ശ്രമിക്കുന്നത്.

**<u>സിനിമ എന്ന പ്രക്രിയ</u>**

- തലകാലങ്ങളുടെ ഉപയോഗത്തിലൂടെ വളരെ സവിശേഷവും ശക്തവുമായ രീതിയിൽ ഇന്ദ്രിയ അനുഭവങ്ങളും ചിന്തകളും സിനിമ പ്രേക്ഷകരിൽ ഉണർത്തുന്നു.
- സൂസൻ സണ്ടാഗിന്റെ അഭിപ്രായത്തിൽ നോവൽ തുടങ്ങിയ മറ്റു കലാരൂപങ്ങളിൽ നിന്നും സിനിമയെ വ്യത്യസ്തമാക്കുന്ന ഒരു കാര്യം അത് വെറും ഉള്ളടക്കം മാത്രമല്ല എന്നുള്ളതാണ്. ഉള്ളടക്കത്തെ കവിയുന്ന ഒന്ന് അതിലുണ്ട്. രൂപങ്ങളുടെ കലയായ സിനിമ ഉള്ളടക്കത്തെ അതിശയിക്കുന്ന ഒന്നാണ്.
- സിനിമ ഒരേസമയം സമ ദൃശ്യവും ചിന്താദൃശ്യവും ചലന ദൃശ്യവും ആണ്.
- ഷൂട്ടിംഗ് കഴിഞ്ഞതിനുശേഷം ചില പ്രകൃതിയിലെ മാറ്റങ്ങൾ ചില സമയങ്ങളിൽ സംവിധായകരുടെ ശ്രദ്ധയിൽ പെടാറുണ്ട്. അതേ ഷൂട്ട് ചെയ്തു ഒരു ലേഖനത്തിൽ അവതരിപ്പിക്കുന്നു. സെവൻത് സീലിലെ വിഖ്യാതമായ രംഗം ഷൂട്ട് ചെയ്യുന്നതിനെ കുറിച്ചാണ് ഇതിൽ സൂചിപ്പിക്കുന്നത്. കൊടുങ്കാറ്റ് ഉണ്ടാക്കാൻ സാധ്യതയുള്ളതിനാൽ നേരത്തെ ഷൂട്ടിംഗ് നിർത്തി എല്ലാവരും പോയ സമയത്ത് സംവിധായകൻ വിചിത്രമായ മേഘം കാണുകയും അത് അവിടെ ഉണ്ടായിരുന്ന പണിക്കാരൻ വിനോദ യാത്രികനെ ഉൾപ്പെടുത്തി ഷൂട്ടിംഗ് തീർക്കുകയും ചെയ്തു. മുന്നൊരുക്കങ്ങൾ ഒന്നുമില്ലാതെയും സംവിധാനം ചെയ്യാം. സിനിമ ചെയ്യാം എന്നുകൂടി ഈ ലേഖനത്തിൽ പറയാൻ ശ്രമിക്കുന്നു.

## മൊഡ്യൂൾ മൂന്ന്
## ചലച്ചിത്ര ഗാനങ്ങൾ

### മലയാള സിനിമാ ഗാന ചരിത്രം – നീലക്കുയിൽ വരെ

മലയാളത്തിലെ ആദ്യ ശബ്ദ ചിത്രമായ 'ബാലൻ'(1938) തൊട്ടുതുടങ്ങുന്നു മലയാളസിനിമാഗാനങ്ങളുടെ ചരിത്രം.മുതുകുളം രാഘവൻ പിള്ളയുടെ രചനയിൽ കെ കെ അരുരായിരുന്നു സംഗീതം നിർവ്വഹിച്ചത്.സ്വതന്ത്രസംഗീതസംവിധാനമായിരുന്നില്ല ആദ്യകാലമലയാളഗാനങ്ങളുടേത്,ഹിന്ദിയിലെ പ്രശസ്തഗാനങ്ങളുടെ സംഗീതത്തിന്റെ അനുകരണം മാത്രമായിരുന്നു.സംഗീതസംവിധാനം എന്നാൽ ഹിന്ദി ഈണങ്ങളിലേക്കുള്ള ഒരു തരം' ഫിറ്റിംഗ്' മാത്രമായിരുന്നു.

1940 ൽ 'ജ്ഞാനാംബിക' പുറത്തിറങ്ങി.തമിഴ് നാട്ടുകാരനും വയലിനിസ്റ്റുമായ ജയരാമ അയ്യരായിരുന്നു സംഗീതസംവിധായകൻ.പുത്തൻ കാവ് മാത്തൻ തരകൻ ഗാനരചന.സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതരായിരുന്നു പ്രധാനഗായകൻ. 1940 നും ശേഷം പുറത്തിറങ്ങിയ ഈ ചിത്രത്തിനുശേഷം മലയാളചലച്ചിത്രമേഖല എട്ടുവർഷം മൗനം പാലിച്ചു.1948 ൽ നിർമ്മല പുറത്തിറങ്ങി.പിന്നണി ഗാന സമ്പ്രദായം തുടങ്ങുന്നത് 'നിർമ്മല'യിലാണ്.ബാലനിലും ജ്ഞാനാംബികയിലും പാടിയഭിനയിക്കുകയായിരുന്നു.മഹാകവി ജിയാണ് നിർമ്മലയിൽ ഗാനരചന.പി എസ് ദിവാകർ സംഗീതവും.ഈ സിനിമയിൽ പാടിയ ടി കെ ഗോവിന്ദറാവു ആണ് ആദ്യ പിന്നണി ഗായകൻ. നിർമ്മലയ്ക്ക് ശേഷം 1949 ൽ 'വെള്ളിനക്ഷത്രം.'അഭയദേവ് – ചിദംബരനാഥ് കൂട്ടുകെട്ടിൽ ഗാനങ്ങൾ പിറന്നു. 1950 ൽ 'നല്ല തങ്ക' ഇറങ്ങി.അതേ പേരിൽ തകർത്തോടിയ സംഗീതനാടകം സിനിമയാക്കിയതായിരുന്നു ഇത്.വി ദക്ഷിണാമൂർത്തി ഈ സിനിമയിലൂടെയാണ് രംഗപ്രവേശം ചെയ്തത്.അഭയദേവായിരുന്നു ഗാനരചന.യേശുദാസിന്റെ അച്ഛൻ അഗസ്റ്റിൻ ജോസഫും പി ലീലയുമായിരുന്നു ഗായകർ. 1950 ൽ തന്നെ തിക്കുറിശ്ശിയുടെ 'സ്ത്രീ' ഇറങ്ങി.' ശശിധരൻ' റിലീസ് ചെയ്തതും ഇതേ വർഷമായിരുന്നു.സിനിമാ സംഗീത ത്തിൽ മാറ്റങ്ങൾ വരാൻ തുടങ്ങിയൊരു കാലമായിരുന്നു ഇത്.തനിപ്പകർപ്പിനുപകരം സ്വതന്ത്രസംഗീതം പ്രയോഗിക്കാൻ തുടങ്ങി. 1950ൽ തന്നെ റിലീസ് ചെയ്ത' ചന്ദ്രിക' യിലാണ് പി ഭാസ്കരൻ ആദ്യമായി ഗാനരചയിതാവാകുന്നത്.ദക്ഷിണാമൂർത്തി യായിരുന്നു സംഗീതം. അതേവർഷം(1950) ഇറങ്ങിയ ' പ്രസന്ന' ആയിരുന്നു അടുത്ത സിനിമ.അഭയദേവിന്റെ ഗാനങ്ങൾക്ക് ഒരു പുതിയ സംഗീത സംവിധായകൻ, ജ്ഞാനമണി ഈണം നൽകി. 1951 ൽ പുറത്തിറങ്ങിയ ' ജീവിതനൗക' മലയാള സിനിമാരംഗത്ത് പുതു ചൈതന്യം സൃഷ്ടിച്ചു.അഭയദേവും ദക്ഷിണാമൂർത്തി യും ചേർന്നപ്പോൾ അനേകം ഗാനങ്ങൾ പിറന്നു.

( ആനത്തലയോളം വെണ്ണ തരാമെടാ...പി ലീല

വരൂ ഗായികേ..

അകാലേ ആരു കൈവിട്ടും നീ താനേ നിൻ സഹായം..മെഹബൂബ് )

1951 ൽ തന്നെ 'നവലോകം' പുറത്തിറങ്ങി. പി ഭാസ്കരനും ദക്ഷിണാമൂർത്തിയുമായിരുന്നു യഥാക്രമം ഗാനരചനയും സംഗീതവും. കോഴിക്കോട് അബ്ദുൾ ഖാദർ എന്ന ഗായകന്റെ രംഗപ്രവേശം ഈ സിനിമയിലൂടെ യായിരുന്നു. ലതാ മങ്കേഷ്കറിന്റെ "ആയേഗാ ആയേഗാ.." യുടെ ചുവടുപിടിച്ച് ,പി ലീല പാടിയ " ഗായകാ ഗായകാ.." എന്ന ഗാനം ഈ സിനിമയിലേതാണ്.

1951ൽ തന്നെ' കേരളകേസരി' റിലീസ് ചെയ്തു.തുമ്പമൺ പത്മനാഭൻ കുട്ടിയുടെ ഗാനങ്ങൾക്ക് ജ്ഞാനമണി ഈണം നൽകി. അതേവർഷം' വനമാല' പുറത്തുവന്നു.ജിക്കി എന്ന കൃഷ്ണവേണി യായിരുന്നു പ്രധാനഗായിക. 1952ൽ പുറത്തിറങ്ങിയ ' ആത്മസഖി' യിലൂടെയാണ് സത്യൻ സിനിമാരംഗത്തെത്തുന്നത്.തിരുനയിനാർ കുറിച്ചി മാധവൻ നായരാണ് ഗാനരചന.ബ്രദർ ലക്ഷ്മണൻ സംഗീതം.( ഇതേ ടീമിന്റെ ആത്മവിദ്യാലയമേ... മറക്കാനാവില്ലല്ലോ) 1952ൽ ' അമ്മ' ഇറങ്ങി.പി ഭാസ്കരനും ദക്ഷിണാമൂർത്തി യും ഈ സിനിമയിൽ യോജിച്ചു. 1952ൽ തന്നെ' ആത്മശാന്തി' .എ പി കോമള ആദ്യമായി പാടുന്നത് ഈ ചിത്രത്തിലാണ്.തമിഴനായ ടി ആർ താപ്പ സംഗീതം. 1952 ൽ തന്നെയാണ് നസീറിന്റെ രംഗപ്രവേശം .മരുമകൾ എന്ന ചിത്രത്തിലൂടെ. അതേ വർഷം തന്നെ ' വിശപ്പിന്റെ വിളി' എന്നൊരു ചിത്രവുമിറങ്ങി.ജോസ് പ്രകാശ് പിന്നണി പാടിയ ഈ ചിത്രത്തിന് അഭയദേവ് ഗാനരചനയും പി എസ് ദി വാകർ സംഗീതവും നിർവ്വഹിച്ചു. 1552ൽ പുറത്തുവന്ന KPAC നാടകമായ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കിയിലെ ഗാനങ്ങൾ, സിനിമാ ഗാന രംഗത്ത് കാര്യമായ സ്വാധീനം ചെലുത്തി.ഫോക്ക് സ്പർശമുള്ള പ്രണയഗാനങ്ങൾ ജനപ്രിയമാകുമെന്ന ആശയം ഈ നാടകത്തിന്റെ സംഭാവനയാണ്. 1953ൽ ' തിരമാല' പുറത്തിറങ്ങുന്നു.ശാന്ത പി നായരും കമുകറയും പ്രധാനഗായകരായ ഈ ചിത്രത്തിൽ ഗാനരചന പി ഭാസ്കരനും സംഗീതം എം എസ് വിശ്വനാഥനുമായിരുന്നു. 1954ൽ ' അവകാശി' ,'സ്നേഹസീമ' എന്നീ രണ്ടുചിത്രങ്ങളിറങ്ങുന്നു.ഗാനങ്ങളാൽ സമൃദ്ധമായിരുന്നു ഈ രണ്ട് ചിത്രങ്ങളും. അതിനുശേഷമാണ് 1954 ൽ തന്നെ നീലക്കുയിൽ പുറത്തുവരുന്നത്.1953ൽ പൂർത്തിയായ ഈ ചിത്രം പുറത്തിറങ്ങുന്നത് 1954 ലാണ്.

സോയ വി ടി

<u>സിനിമാപാട്ടിലെ മലയാളി ജീവിതം – പ്രദീപൻ പാമ്പിരികുന്ന്</u>

- 1969-ൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയ്ക്കടുത്ത് ചെറുവണ്ണൂർ പഞ്ചായത്തിലെ പാമ്പിരികുന്നിൽ ജനനം. അച്ഛൻ: കേളപ്പണിക്കർ. അമ്മ: ചീരු. പാമ്പിരികുന്ന് എ.എൽ.പി. സ്കൂൾ, ചെറുവണ്ണൂർ ഗവ.സ്കൂൾ, ആവള കുട്ടോത്ത് ഗവ. സ്കൂൾ, മടപ്പള്ളി ഗവ. കോളേജ്, കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കാലിക്കറ്റ് സർവ്വകലാശാല മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠനം. എം.എ. മലയാളം ഒന്നാം റാങ്കോടെ പാസായി. കേരളസംസ്കാരം: ഒരു ദലിത് സമീപനം എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി. 1998 മുതൽ കാലടി സംസ്കൃത സർവ്വകലാശാലയിൽ മലയാളം അദ്ധ്യാപകൻ. ഗവേഷകൻ, പ്രഭാഷകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ സംസ്കാരപഠനത്തിലും സാഹിത്യവിചാരത്തിലും രാഷ്ട്രീയജാഗ്രതയോടെ ഇടപെടലുകൾ നടത്തി. സുകുമാർ അഴീക്കോട് എൻഡോവ്മെന്റ് അവാർഡ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻ്റെ എൻ.വി. സ്മാരക വൈജ്ഞാനികപുരസ്കാരം എന്നിവ നേടി. കേന്ദ്ര സാഹിത്യ അക്കാദമിയിൽ മലയാളം ഉപദേശകസമിതി അംഗമായിരുന്നു. റോഡപകടത്തിനിരയായി 2016 ഡിസംബർ 8-ന് മരണമടഞ്ഞു. ഉന്നൽക്കാരൻ, ബ്രോക്കർ, പ്രവാസി, വയലും വീടും തുടങ്ങിയ ജനകീയ നാടകങ്ങൾ എഴുതി. The Oxford India Anthology of Malayalam Writings-ന്റെ എഡിറ്റർമാരിൽ ഒരാളായിരുന്നു.

- <u>ലേഖനം</u>
- ചലച്ചിത്ര ഗാനങ്ങളെ കുറിച്ചുള്ള ഒരു ലഘു പഠനക്കുറിപ്പ് ആണ് സിനിമ പാട്ടിലെ മലയാളിയുടെ ജീവിതം.
- സംഗീതമില്ലാതെ സിനിമ പൂർണ്ണമല്ല എന്നതാണ് ഇദ്ദേഹത്തിന്റെ നിരീക്ഷണം. ഹിച്ച് കോക്കിന്റെ സിനിമയെ മുൻനിർത്തി വിശകലനം ചെയ്യുന്നു.
- നിഷേധ സിനിമകളിൽ റിയൽ തിരയുന്ന ശബ്ദം കൊണ്ട് കാണികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ ആണ് സംഗീതം കൊടുത്തിരുന്നത് എന്നാണ് ആ ക്ഷേത്ര സിനിമാ സംഗീതത്തിന്റെ ചരിത്രത്തിൽ പറയുന്നത്.
- സിനിമയ്ക്ക് മുൻപ് തന്നെ സംഗീതം നിലനിന്നിരുന്നു.
- സിനിമാ സംഗീതം സവിശേഷമായ പഠിക്കേണ്ട ഒന്നല്ല എന്നുള്ള അഭിപ്രായം നിലനിൽക്കുന്നു.
- വികാര ശോഭം ആയിട്ടുള്ള അഭിനയരീതികളെ സംഗീതസംവിധായകൻ പലതരത്തിൽ ഉള്ള സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നു.
- സിനിമാ സംഗീതം അനുഭവ യാഥാർത്ഥ്യങ്ങളെക്കാളും ക്ലാസ്സിക്കൽ റിയലിസത്തേക്കാളും വൈകാരിക യാഥാർത്ഥ്യത്തെയാണ് ആവിഷ്കരിക്കുന്നത്. ഇന്ത്യൻ സിനിമകളിലെല്ലാം പലപ്പോഴും സംഭാഷണങ്ങൾക്ക് തന്നെയാണ് പ്രാധാന്യം ഉണ്ടായിരുന്നത്
- സംഭാഷണവും ഗാനവും തമ്മിലുള്ള അകലം ഇന്ത്യൻ സിനിമയിൽ കുറവാണ്. എല്ലാ സിനിമാ മേഖലകളും വ്യത്യസ്തമായി നിലനിൽക്കുകയാണ്.
- ഇന്ത്യൻ സിനിമയെ സംബന്ധിച്ചിടത്തോളം കഥ താരതമ്യേന അപ്രസക്തവും മൊത്തം പാട്ട് സൈറ്റ് കോമഡി താരങ്ങൾ സംഭാഷണങ്ങൾ എന്നിവയെല്ലാം പ്രാധാന്യം നേടുകയും ചെയ്യുന്നുണ്ട്.
- ഇന്ദ്രസഭ എന്ന സിനിമയിൽ 68 പാട്ടുകൾ ഉള്ളതിനെ കുറിച്ച് വിലയിരുത്തുന്നു.
- അനുഷ്ഠാനാത്മകമാണ് ഇന്ത്യൻ സമൂഹം. അതുകൊണ്ടുതന്നെ താളാത്മകഥയാണ് അതിന്റെ സ്വഭാവവും. വൈകാരികമായ ബന്ധം സിനിമ പാട്ടിൽ ഉപയോഗിക്കുന്നു.
- ഗാനങ്ങൾ ചലചിത്രനകത്തു മാത്രമല്ല പുറത്തു നിലനിൽക്കാതെ ശേഷിയുള്ളതാണെന്ന് അവയെ സംസ്കാര പഠനത്തിന്റെ പരിധിയിലേക്ക് കൊണ്ടുവരുന്ന പ്രധാന ഘടകം. ഗാനങ്ങളിലെ സാഹിത്യവും സംഗീതവും ചലചിത്രത്തിന്റെ അല്ല പൊതുബോധത്തിന്റെ സൃഷ്ടിയാണ്.
- സിനിമാ വിപണി സംഗീതത്തിന്റെ വരവോടുകൂടി അപ്രിയമാകുന്ന ഒരു കാഴ്ചയെ കൂടി ഇവിടെ ലേഖകൻ അവതരിപ്പിക്കുന്നു.
- വരേണ്യതയുടെ സംഗീത വഴിയിൽ നിന്ന് 70കളുടെ അവസാനത്തോടുകൂടി ജനപ്രിയ സംഗീതത്തിലേക്ക് മലയാള സംഗീതം മാറിയതിനെക്കുറിച്ചും ഇലക്ട്രോണിക് യുഗത്തിന്റെ ആരംഭത്തോട് കൂടി സംഗീതത്തിന്റെ പുതിയ തലങ്ങൾ കാണാൻ സാധിക്കുകയും ചെയ്യുന്നു. സംഗീതത്തിന്റെ കുതിച്ചുചാട്ടം സ്വാതന്ത്ര്യ സംഗീതത്തിലേക്ക് ഇഴ ചേർന്നിരിക്കുന്ന കാലഘട്ടത്തെ കൂടി ഇവിടെ അടയാളപ്പെടുത്തുന്നു.

<u>സിനിമാപ്പാട്ടുകളിലേക്ക് ഒരെത്തിനോട്ടം :</u> വിശദ പഠനത്തിനായി ആറ് പാട്ടുകളെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്. പഴയപാട്ടിൽ നിന്നും പുതിയപാട്ടിലേക്ക് കടന്നു

വന്നപ്പോൾ ഉണ്ടായ മാറ്റങ്ങളെയാണ് പാട്ടിൽ അവതരിപ്പിക്കുന്നത്. ഭാഷക്ക് ഉണ്ടായ മാറ്റവും, പാട്ടിൽ ഉപയോഗിക്കുമ്പോൾ സംഗീത ഉപകരണവും തമ്മിൽ ഉള്ള മാറ്റങ്ങളെയാണ് അവലോകനം ചെയ്യുന്നത്. സിനിമാ സംഗീതത്തിൽ വലിയ അഘാതം എന്നപോലെ നവ ഭാവുകത്വം അടച്ചതാണ് ചെമ്മീൻ സിനിമയിലെ പാട്ടുകൾ. ഈ സിനിമയിലെ പെണ്ണാളെ പെണ്ണാളെ എന്ന് പറയുന്ന പാട്ടാണ് സിനിമയിൽ വലിയ തരംഗം ഉണ്ടാക്കുന്നത്. പ്രേമ സാക്ഷരത്തെ കുറിച്ചുള്ള പ്രണയത്തെ കുറിച്ചുള്ള സങ്കൽപ്പത്തിലാണ് ഈ പാട്ട് എഴുതിയിട്ടുള്ളത്. സാംസ്കാരിക പരമായി കടലോരത്ത് ജീവിക്കുന്നവരുടെ വിശ്വാസങ്ങളെയും പ്രമാണികളെയും കാത്തുസൂക്ഷിക്കുകയാണ് ഈ സിനിമ. കടലിൽ അരയൻ മീൻ പിടിക്കാൻ പോകുമ്പോൾ അരയത്തി ഇവിടെ കരയിൽനിന്ന് പിഴച്ചു പോയാൽ അരയന് എല്ലാ അർത്ഥത്തിലും അപകടം സംഭവിക്കും എന്നാണ് പാട്ടിന്റെ ധ്വനി. കറുത്തമാ എന്ന നായിക യിലൂടെ മാനസിക സംഘർഷം ഈ പാട്ടിൽ വരച്ചുകാട്ടുന്നു. രൂപപരമായും ഘടനാപരമായും സാമ്യതകളില്ലാത്ത പാട്ടാണ് ഈ പാട്ട്. വിവിധ ട്യൂണുകളിൽ ആയാണ് ഈ പാട്ട് അഭിസംബോധന ചെയ്യുന്നത്. ഒരു ഭാഗത്ത് അരയത്തിയുടെ കഥ പറഞ്ഞു മറ്റൊരു ഭാഗത്ത് വിശപ്പിന്റെ ധ്വനി പറഞ്ഞു ഇനിയുള്ള ജീവിതം നല്ലതാക്കി തരണേ എന്ന് ആവിഷ്കരിക്കുന്ന രീതിയിലുള്ള ഒരു പാട്ടാണ് ഇത്. സംഘം ചേർന്നു കൊണ്ടാണ് ഈ പാട്ട് പാടുന്നത്. കാലത്തിന്റെ അർത്ഥതലങ്ങളിൽ ഉപയോഗവും യഥോചിതവുമായുള്ള താള വാദ്യ നിബന്ധനവും പഴയ നാടൻ പാട്ടിന്റെ ശീലുകളും ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള പാട്ടാണ് ഇത്.

പരീക്ഷ എന്ന സിനിമയിലെ മറ്റൊരു പാട്ടാണ് അവിടെ നിൻ ഗാനം കേൾക്കാൻ എന്ന് തുടങ്ങുന്നത്. അത് കാലത്ത് സ്ത്രീകൾ പുറത്തേക്ക് വരാൻ മടിച്ച ഒരു കാലഘട്ടത്തിൽ നിന്ന് കൊണ്ട് കാമുകനോ ഭർത്താവോ ആരും ആകാം അവരെ അരികിലേക്ക് ക്ഷണിക്കുന്ന രീതിയിലുള്ള ഒരു പാട്ടാണ് ഇത്. പാട്ട് കേൾക്കുന്ന സമയത്ത് പാട്ടുപാടുന്ന സമയത്ത് വെളിയിലേക്ക്, പുറത്തേക്ക് വരാൻ നല്ല നാണമാകുന്നു. മാത്രമല്ല തന്റെ ഭർത്താവിനെ പ്രീതിപ്പെടുത്താൻ വേണ്ടി ഏതൊക്കെ തരത്തിലുള്ള പാട്ടുകളാണ് പാടണം എങ്ങനെ പാടണം എന്നൊക്കെയുള്ള ആശങ്ക കാമുകിയെ വല്ലാണ്ട് അലട്ടുന്നുണ്ട്. പാട്ട് കേൾക്കാൻ കൊതിക്കുന്ന നായകനായി ഏത് പാട്ട് പാടണം എന്ന് അറിയാതെ നായികയുടെ അങ്കലാപ്പ് ആണ് ഈ പാട്ടിന്റെ വിഷയം. സിറ്റുവേഷൻ അനുസരിച്ച് പാട്ട് നിർമ്മിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. കാമുകിയുടെ നിഷ്കളങ്കമായ ചിന്തകളെയാണ് ഈ പാട്ട് അവതരിപ്പിക്കുന്നത്. പിന്നീട് പാട്ടുകളുടെ മാറ്റങ്ങളുടെ ആവിർഭാവമാണ് ലജ്ജാവതിയെ എന്ന് തുടങ്ങുന്ന പാട്ടിൽ കാണാൻ സാധിക്കുന്നത്. മലയാളത്തിൽ അന്നേവരെ കണ്ടിട്ടില്ലാത്ത ഇംഗ്ലീഷ് പാട്ടിന്റെ പശ്ചാത്തലം കൂടി ഈ പാട്ടിന് ആധാരമാണ്. വരികളെല്ലാം തന്നെ അനായാസമുള്ള വരികളാണ്. പ്രണയത്തിനെ പലതരത്തിലുള്ള പല്ലവികളാണ് ഈ പാട്ടിന് ആധാരം. പാട്ടുകൊണ്ടും സൗണ്ട് കൊണ്ടും മ്യൂസിക്കുകൾ മറ്റുള്ളവരെ തുള്ളി തരത്തിലുള്ള ഒരു പാട്ട് രീതിയാണ് ഇത്. മലയാള രംഗത്തേക്ക് മാറ്റങ്ങൾ കൊണ്ടു വന്ന പാട്ടുകാരനാണ് ജാസി ഗിഫ്റ്റ്. മറ്റൊരു പാട്ട് സ്പിരിറ്റ് എന്നു പറയുന്ന സിനിമയിലെ ജീവിതത്തെ ചേർത്തുവയ്ക്കുന്ന പാട്ടാണ്. അവിടെ എല്ലാം ജീവിതത്തിൽ മരണത്തിന് അതിയായ പ്രാധാന്യമുണ്ട്. എങ്കിലും ഈ പാട്ട് കാമുകിയും കാമുകനും നേർക്കുനേർ പരസ്പരം കണ്ടുമുട്ടുമ്പോൾ തന്റെ പ്രണയ സങ്കൽപ്പങ്ങളെ മുഴുവനായും പറയാതെ പോയ വാക്കുകളെയും ചുംബനങ്ങളെയും അടയാളപ്പെടുത്തുകയാണ് ഇതിലൂടെ.

2004 ഇറങ്ങിയ ആവേശം എന്ന് പറയുന്ന സിനിമയിലെ പാട്ടാണ് ഏറ്റവും ഒടുവിൽ പഠിക്കാനുള്ളത്. നടി നന്മതിന് എന്ന് പറയുന്ന പാട്ട് ഈ സിനിമയിലെ മുഴുവൻ കഥയെയും ഉൾക്കൊള്ളിച്ച് കൊണ്ടാണ് പാടുന്നത്. ഇത്രത്തോളം മലയാള സിനിമ ഗാനരംഗത്ത് വ്യത്യസ്തമായ രീതിയിലുള്ള പാട്ടിന്റെ അവതരണവും നായിക സ്ഥാനത്ത് വില്ലനെ സ്വീകരിക്കുന്ന മലയാളികളുടെ സ്ഥിതി വിശേഷങ്ങൾ ഈ സിനിമയിലും പാട്ടിലും ചർച്ച ചെയ്യുന്നു. വില്ലനെ അല്ലെങ്കിൽ ഗുണ്ടയെ പ്രകീർത്തിച്ച് പാടുന്ന ഈ പാട്ടിന് വലിയ പ്രാധാന്യമാണ് നൽകുന്നത്.

## മൊഡ്യൂൾ നാല്

### ജനപ്രിയ സിനിമകൾ:

(Popular Cinema) കൂടുതലായി ജനപ്രിയതയും വിപണനവിജയവും ലക്ഷ്യം വെച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾ ആണ്. ഇവയിൽ സാധാരണയായി വ്യവസായപരമായ ഓൺചിത്രങ്ങളായും കാണപ്പെടുന്നു. ജനപ്രിയ സിനിമകളിൽ ആകർഷകമായ കഥകൾ, നാടകീയത, മാമൂലായി സാഹസിക രംഗങ്ങൾ, ഗാനങ്ങൾ, കോമഡി, ആക്ഷൻ എന്നിവയ്ക്ക് പ്രാധാന്യം നൽകിയിരിക്കും. വ്യക്തിപരമായ സമ്പൂർണ്ണവുമായ വിനോദം നൽകുന്നതാണ് ഈ ചിത്രങ്ങളുടെ ലക്ഷ്യം. ഇവിടെ പ്രേക്ഷകരുടെ രുചിക്കു അനുസൃതമായ കഥകളും വാണിജ്യവിജയം ഉറപ്പാക്കാനുള്ള ഘടകങ്ങളും പ്രധാനമാക്കപ്പെടുന്നു. പ്രധാനധാരയിലെ സിനിമകളിൽ റൊമാന്സ്, ഫാമിലി ഡ്രാമ, കോമഡി, മാസ്സ് ആക്ഷൻ, ത്രില്ലർ തുടങ്ങിയ വിവിധ ഉപവിഭാഗങ്ങളുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ സിനിമകൾ വലിയ പ്രേക്ഷകപിന്തുണയോടെ പ്രദർശിപ്പിക്കപ്പെടുന്നു. ഇന്ത്യയിൽ ജനപ്രിയ സിനിമകൾ നിർമ്മിക്കുന്നതിൽ ബോളിവുഡ്, ടോളിവുഡ്, കോലിവുഡ്, മോളിവുഡ്, തുടങ്ങിയ ഭാഷാഭേദത്തിൽ വ്യത്യസ്തമായ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നു.

<u>സമാന്തര സിനിമ</u> : (Parallel Cinema) ഇന്ത്യയിലെ പ്രധാനധാരാ സിനിമകളിൽ നിന്നു വേറിട്ടു നിലകൊള്ളുന്ന ഒരു ചലച്ചിത്ര പ്രസ്ഥാനമാണ്. 1970–80 കളിൽ ഉരുത്തിരിഞ്ഞ ഈ പ്രസ്ഥാനം, വ്യാപാര സ്വഭാവമുള്ള സിനിമകളെ അപേക്ഷിച്ച് സാമൂഹിക പ്രശ്നങ്ങൾ, യഥാർത്ഥ ജീവിതാനുഭവങ്ങൾ, സത്യസന്ധത, മനുഷ്യസംബന്ധങ്ങൾ എന്നിവയെ ഗൗരവമായി സമീപിക്കുന്നവയാണ്. ഈ സിനിമകൾ കരകൗശലതയും കലാപരമായും അതിന്റെ മികവ് പുലർത്തുന്നു. കഥപറച്ചിലും പ്രകടനത്തിലുമുള്ള യാഥാർത്ഥ്യവും പ്രതിഫലിപ്പിക്കുന്നത് ആണ് സമാന്തര സിനിമയുടെ പ്രത്യേകത.

താര നിഷ്ഠയും വിഹിതവും ഇല്ലാതെ പാശ്ചാത്യ സിനിമകളുടെ രീതിയിൽ കഥ പറയലാണ് ഇവയുടെ മുഖ്യ സ്വഭാവം. സത്യജിത് റേ, മൃണാൾ സെൻ, അടൂർ ഗോപാലകൃഷ്ണൻ, ശ്യാം ബെനെഗൽ, ഗിരീഷ് കസറവള്ളി തുടങ്ങിയ സംവിധായകർ സമാന്തര സിനിമയുടെ പ്രമുഖരായിരുന്നവരാണ്.

<u>ഫീച്ചർ സിനിമ (Feature Film)</u> : ഒരു സ്വതന്ത്ര കഥയോ വിഷയവുമായും പ്രത്യേക ആഖ്യാന രൂപവുമായും ഒരു നീണ്ട ദൈർഘ്യമുള്ള ചലച്ചിത്ര രൂപമാണ്. സാധാരണയായി 40 മുതൽ 180 മിനിറ്റ് വരെ ദൈർഘ്യമുള്ള ഫീച്ചർ സിനിമകൾ പ്രേക്ഷകരെ ശ്രദ്ധയിൽ തുടരാൻ ലക്ഷ്യമിട്ടുള്ള, സാധാരണ ആഖ്യാനരീതിയിലുള്ള ചിത്രങ്ങളാണ്.

ഫീച്ചർസിനിമകൾക്ക് സിനിമയുടെ വിവിധ വശങ്ങൾ, അഥവാ കഥ, കഥാപാത്രങ്ങൾ, രംഗാവലോകനം, സംഭാഷണം എന്നിവയിലൂടെ ഒരു പ്രമേയം വിശദീകരിക്കുന്നതിൽ കൂടുതൽ സമയം ലഭ്യമാകുന്നതിനാൽ, സിനിമയുടെ ഗൗരവവും ആഴവും കൂടുതൽ ഗൃഹാതുരതയോടെയും സങ്കീർണ്ണതയോടെയും കാഴ്ചവയ്ക്കുന്നു. അതിനാൽ തന്നെ, ഫീച്ചർ സിനിമകൾ പ്രായോഗികമായി എല്ലായിടത്തും തന്നെ സിനിമ വ്യവസായത്തിന്റെ അടിസ്ഥാനരൂപമായി കാണപ്പെടുന്നു.

റൊമാൻസ് സിനിമകൾ എന്നത് പ്രണയത്തെ കേന്ദ്രവത്കരിച്ചുള്ള ചലച്ചിത്രങ്ങളാണ്. ഇവയിൽ മനോഹരമായ പ്രണയബന്ധങ്ങൾ, സൗഹൃദങ്ങൾ, വികാരങ്ങൾ എന്നിവയെ ആസ്പദമാക്കിയാണ് കഥകൾ തീർക്കുന്നത്. പ്രേക്ഷകരുടെ ഹൃദയത്തെ സ്പർശിക്കുന്ന പ്രണയരംഗങ്ങളും വൈകാരിക മുഹൂർത്തങ്ങളും ഈ സിനിമകളുടെ പ്രധാന ആകർഷണങ്ങളാണ്.

ഹൊററർസിനിമകൾ എന്നത് ഭയവും ആശങ്കയും ഉളവാക്കുന്ന കഥകൾ അവതരിപ്പിക്കുന്ന ചലച്ചിത്രശാഖയാണ്. ഈ സിനിമകളിൽ അശരീരികൾ, ഭൂതങ്ങൾ, ആത്മാക്കൾ, ദുരവസ്ഥകൾ, സൈക്കോലജിക്കൽ ഭീതികൾ എന്നിവ ഉൾപ്പെടും. ഭയം നിറച്ച കഥകളും, വിസ്മയിപ്പിക്കുന്ന ദൃശ്യങ്ങളും, ശബ്ദപരമായ പ്രത്യേക ഫലങ്ങളും, മിസ്റ്ററി, സസ്പെൻസ് എന്നിവയുടെ സമന്വയത്തിലാണ് ഹൊററർ സിനിമകൾ എപ്പോഴും ശ്രദ്ധേയമാകുന്നത്.

ആക്ഷൻ സിനിമകൾ : പല രാജ്യങ്ങളിലും തികച്ചും വ്യത്യസ്തമായ സ്വഭാവങ്ങളും സംസ്കാരങ്ങളുമുള്ളതായി കാണാം. ഹോളിവുഡ് സിനിമകളിൽ ഹൈ ടെക് ആക്ഷൻ സീക്വൻസുകളും സാങ്കേതിക വിദ്യകളുടെ പ്രയോജനപ്പെടുത്തലുമാണ് മുഖ്യ ആകർഷണം, അതേസമയം ഇന്ത്യൻ സിനിമകളിൽ (മലയാളം, തമിഴ്, തെലുങ്ക് തുടങ്ങിയ ഭാഷകളിൽ) തികച്ചും നടപ്പിലാക്കാവുന്ന ആക്ഷൻ രംഗങ്ങൾക്കൊപ്പം കഥയും അഭിമുഖ്യപ്പെടുത്തുന്നു.

## ഡ്രീംസ് – അക്കേറ കുറസോവ

അക്കീറ കുറസോവയുടെ "Dreams" (ജപ്പാനീസ്) 1990-ൽ പുറത്തിറങ്ങിയ ഒരു ചലച്ചിത്രമാണ്. ഈ സിനിമക്ക് പ്രത്യേകത നൽകുന്നത്, കുറസോവയുടെ തന്നെ വ്യക്തിപരമായ സ്വപ്നങ്ങളുടെ അടിസ്ഥാനത്തിലാണ് കഥകൾ രൂപപ്പെടുത്തപ്പെട്ടത്. ആറ് ദശകങ്ങളിലേറെ കാലത്തെ തന്റെ സിനിമാപ്രവർത്തനത്തിനുശേഷം, കുറസോവയുടെ വ്യക്തിത്വത്തെ കാണാൻ കഴിവുള്ള ഒരു കൃതി ആയാണ് ഈ സിനിമ കണക്കാക്കപ്പെടുന്നത്.

സിനിമ എട്ടു സ്വതന്ത്ര കഥകളായി വിഭജിച്ചിരിക്കുന്നു, ഓരോന്നും ഓരോ സ്വപ്നങ്ങളുടെ രൂപത്തിലുള്ളതാണ്. വിഷയങ്ങൾ പ്രകൃതിയോടുള്ള മാനവന്റെ ബന്ധം, മനുഷ്യന്റെ നശ്വരത, യുദ്ധത്തിന്റെ ഭീകരത, കലാപരമായ സൃഷ്ടികൾ എന്നിവയെ പ്രതിപാദിക്കുന്നു.

ചിത്രത്തിന്റെ ചില പ്രധാന കഥാവസ്തുക്കൾ:

1. Sunshine Through The Rain (മഴയിലൂടെ സൂര്യപ്രകാശം)

2. The Peach Orchard (പീച്ചിൻതോട്ടം)

3. The Blizzard (പനിച്ചുഴി)

4. The Tunnel (സുരങ്കം)

5.  Crows (കാക്കകൾ)

6. Mount Fuji in Red (ചുവപ്പിൽ മൂടിയ ഫുജി പർവ്വതം)

7. The Weeping Demon (കരയുന്ന അസുരൻ)

8. Village of the Watermills (വാട്ടർ മില്ലുകളുടെ ഗ്രാമം)

കുറസോവ തന്റെ ചിന്തകളെ, സ്വപ്നങ്ങളെ ദൃശ്യമായി അവതരിപ്പിക്കുന്ന ഒരു സിനിമയാണ് "Dreams". ഓരോ കഥയും കുറസോവയുടെ ദർശനവും ജീവതാനുഭവങ്ങളും സ്വപ്നങ്ങളുമായി ബന്ധപ്പെടുത്തി രൂപപ്പെടുത്തിയതുകൊണ്ടാണ് ഈ ചിത്രം അതിന്റെ മനോഹാരിതയും വൈവിധ്യവുമുള്ളതാക്കുന്നത്.

<u>ചലച്ചിത്രവും സാഹിത്യവും :ആർ വി ദിവാകരൻ</u>

- സാഹിത്യ കൃതിയെ ഉപജീവിച്ച് തിരക്കഥ എഴുതുന്നതിന്റെ സൗന്ദര്യശാസ്ത്രത്തെ പറ്റി മലയാളത്തിൽ നടത്തിയ ആദ്യ പഠനമാണ് ഇത്.
- സാഹിത്യത്തിന് ചലച്ചിത്രമായുള്ള ബന്ധം സാഹിത്യത്തിൽ ഉണ്ട്. കൂടാതെ ഇതര കലകളും തമ്മിലുള്ള ബന്ധത്തെ വിശദമാക്കുകയാണ് ലേഖനത്തിന്റെ ലക്ഷ്യം.
- സാഹിത്യം എന്നത് വാക്കുകളുടെ കലയാണ്. സാഹിത്യത്തിന്റെ പ്രത്യേകതകൾ വാക്കുകളിലൂടെ തിരഞ്ഞെടുപ്പിൽ തുടങ്ങുന്നു.
- സിനിമയുടെ വാക്കുകൾ ദൃശ്യങ്ങളാണ്. ദൃശ്യങ്ങളാണ് സിനിമയുടെ പദസഞ്ചയം.
- ചലച്ചിത്രം എന്ന പ്രതിഭാസം  ഏറെ സങ്കീർണതകൾ നിറഞ്ഞ ഒന്നാണ്.
- സാഹിത്യകൃതി സൃഷ്ടിക്കുന്നത് പോലെ ഏകാന്തതയിൽ മനനം ചെയ്ത് എഴുതി ഉണ്ടാക്കുന്നതല്ല സിനിമ.
- സിനിമ ഒരു കൂട്ടായ പ്രവർത്തനമാണ്.
- ജോൺ ഹാരിങ്ടൺ : ചലച്ചിത്രത്തിൽ സാഹിത്യഭാഷയുടെ അടിസ്ഥാനമായ വാക്കും ഫലപ്രദമായി ഉപയോഗിക്കാനാവും. ശബ്ദ സിനിമയുടെ ഗുണമിതാണ് വാക്കും ദൃശ്യവും ആശയവിനിമ ഉപാധിയാണെങ്കിലും ഇവ രണ്ടും രണ്ടുതരം ആശയങ്ങളാണ് കൈമാറുന്നത് എന്ന് പറയുന്നു.
- റോബർട്ട് റിചാർഡ്സൺ : ആഖ്യാനം മാധ്യമം എന്ന നിലയിൽ സാഹിത്യരൂപങ്ങളിൽ നോവലിനോടാണ് സിനിമ അടുത്തു നിൽക്കുന്നത്.
- ആധുനിക നോവലിന്റെ ആഖ്യാനശൈലി സിനിമയോട് ഏതാണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു.
- സിനിമ സാഹിത്യം എന്നിവയെ കുറിച്ചുള്ള ബന്ധങ്ങളെ സൂചിപ്പിക്കുന്ന കൂടാതെ സിനിമയുടെ നിർവചനങ്ങളും ഇതിൽ സൂചിപ്പിക്കുന്നു

  1. കവിത സംസാരിക്കുന്ന ചിത്രങ്ങൾ ആയിരിക്കണം( ഹോര സ് )

  2. വിശാലമായി പ്രസരിക്കുന്ന ചിത്രമാണ് നോവൽ, ( സ്മോളറ്റ് )

  3. സമഗ്രമായ ചിത്രശേഖരണമാണ് നോവൽ. നിതന്താദാഹമാണ് നോവലിസ്റ്റിന് പരിഹരിക്കാനുള്ളത്( ഹെന്ററി ജയിംസ് ) തുടങ്ങിയവ ഉദാഹരണങ്ങളാണ്

- ദൃശ്യവും മനവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് സൂചിപ്പിക്കുന്നു.
- സാഹിത്യകൃതി വായിക്കുമ്പോൾ ആസ്വാദനം ചെയ്യുന്ന പോലെ ഇമാജിൻ ചെയ്യുന്നതിനെക്കുറിച്ച് സംസാരിക്കുന്നു.
- ചലച്ചിത്രംവും ഇതര കലകളെ കുറിച്ച് സൂചിപ്പിക്കുന്നു.
- ചലച്ചിത്രം എന്ന പുതിയ കലാരൂപം ഉദയം കൊണ്ടതിനെപ്പറ്റി ചർച്ച ചെയ്യവേ മറ്റു കലകളെ അപേക്ഷിച്ച ചലച്ചിത്രത്തിന്റെ പരിമിതികൾ നിസ്സാരമെന്ന് റോജർ മാൻവെൽ പറയുന്നു.
- സിനിമ വരുന്നതിനു മുൻപ് തന്നെ സിനിമ എന്നതിനെ ഉദയത്തെ ആസ്പദമാക്കി വിശകലനം ചെയ്യുന്നു.
- ചലച്ചിത്രം ആദ്യമായി ഏറ്റുമുട്ടിയത് ചിത്രകലയോടും, ഫോട്ടോഗ്രാഫിയോടുമാണ്.
- ആസ്വാദനത്തെ പോലെ തന്നെ പുനസൃഷ്ടി ആവശ്യമില്ലാത്ത കലയാണ് സിനിമയെ പോലെ സംഗീതവും.

ഗ്രന്ഥസൂചി

ഗൂഗിൾ.....